അൽഹഖ്

മെയ് 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA

PRIVATE CIRCULATION

# അസൂയ മനുഷ്യനെ നരകത്തിലെത്തിക്കുന്നു

## ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

മറ്റുള്ളവരോടുള്ള വെറുപ്പോ തെറ്റിദ്ധാരണയോ ദുർവിചാരമോ കൊണ്ട് അവരുടെ സ്ഥാനം ഇകഴ്ത്തിക്കാണിക്കാനും, സമൂഹത്തിൽ അവരെ നിന്ദിക്കാനും അപമാനിക്കാനും വേണ്ടി അവരെക്കുറിച്ച് കളവായ കാര്യങ്ങൾ ചിലർ പ്രചരിപ്പിക്കുന്നു. മെനഞ്ഞെടുത്തതും വ്യാജവുമായ ഈ കാര്യങ്ങൾ എന്നെ അറിയിക്കാനും അവർ മടിക്കുന്നില്ല. ഏതെങ്കിലും ഭാരവാഹിയോ പ്രവർത്തകനോ ആയ വ്യക്തിയെ എന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്താനാണ് അവർ ഇങ്ങനെ ശ്രമിക്കുന്നത്. ഇതുമാത്രമല്ല, വളരെ വിശ്വസ്തതയോടുകൂടി ചിലയാളുകളുടെ പേരുകൾ, സാക്ഷി എന്ന നിലയിലും സമർപ്പിക്കാറുണ്ട്. ആ സാക്ഷികളോട് അതിനെക്കുറിച്ച് ചോദിക്കുമ്പോൾ, പാവം ആ സാക്ഷികളുടെ മലക്കുകൾക്കുപോലും അതിനെക്കുറിച്ച് അറിയില്ല എന്നു മനസ്സിലാകുന്നു. ഇതിനേക്കാളുപരി, ഈ വ്യാജമായ കാര്യങ്ങൾ ദൃഢമായി വിശ്വസിച്ചുകൊണ്ട്, ആർക്കെതിരിലാണോ പരാതിപ്പെട്ടത് അയാളെ ശിക്ഷിക്കണമെന്ന നിലയിൽ എന്നെ നിർബന്ധിക്കുകയും ചെയ്യുന്നു. അതായത്, അത് പരാതിയല്ല; ഒരു തരത്തിലുള്ള കല്പനയാണ്. ഒരുപാട് പരാതികൾ



ശരിയായിട്ടുള്ളതുമുണ്ട്. പക്ഷേ, വ്യക്തിപരമായ പരാതികളിൽ അധികവും, ഇന്നയിന്ന വ്യക്തികൾ കുറ്റവാളികളാണ്, അവരെ പെട്ടെന്ന് പിടിച്ചുശിക്ഷിക്കുക എന്ന നിലയിലുള്ളതാണ്. ഇത് കാണുമ്പോൾ, ഈ പരാതിപ്പെടുന്നവർ സ്വയം തെറ്റു ചെയ്യുന്നവരാണോ എന്നെനിക്ക് തോന്നാറുണ്ട്. അതിന്റെ പിന്നിൽ മറ്റേ വ്യക്തിക്കെതിരിൽ അസൂയ പ്രവർത്തിക്കുന്നുണ്ടോ എന്നും തോന്നാറുണ്ട്. അസൂയ കാരണമാണ് മറ്റുള്ളവരെ ഇകഴ്ത്തണമെന്നും അവർക്ക് നഷ്ടമുണ്ടാക്കണമെന്നുമുള്ള വിചാരമുണ്ടാകുന്നത്.

ഈ അസൂയ ഉണ്ടാകുന്നത് അധികവും അപകർഷതാബോധം കൊണ്ടാണ്. അത് അല്ലാഹുവിനോടു ബന്ധം വയ്ക്കാത്ത കാരണത്താൽ സംഭവിക്കുന്നതാണ്. അല്ലാഹു വ്യാജനേയും അസൂയാലുവിനേയും സഹായിക്കുകയില്ലെന്ന വിചാരമില്ലാത്തതുകൊണ്ടാണ് ഈ അസൂയയാലും തെറ്റിദ്ധാരണയാലും മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കുന്നത്. അതിൽ എത്രമാത്രം ഇവർ അശ്രദ്ധരാകുന്നുവെന്നുവെച്ചാൽ, സ്വന്തം അഭിമാനത്തെക്കുറിച്ചുപോലും അവർ ചിന്തിക്കുന്നില്ല. ഇന്നത്തെ സമൂഹത്തിൽ ഇതൊക്കെ സാധാരണമാണ്! പ്രത്യേകിച്ച്, ഏഷ്യൻവൻകരയിലെ ഇന്ത്യ-പാക് സമൂഹത്തിൽ ഇത് സർവ്വസാധാരണമായിട്ടുണ്ട്. വിദ്യാസമ്പന്നരായ ആളുകളും ഇത്തരം തരംതാണ പ്രവൃത്തികൾ ചിലപ്പോൾ ചെയ്യുന്നത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. ലോകത്തെവിടെചെന്നാലും ഇത്തരക്കാർക്ക് തങ്ങളുടെ ഈ ചീത്തസ്വഭാവത്തെ മാറ്റുവാൻ കഴിയുകയില്ല. അല്ലെങ്കിൽ അവരത് മാറ്റുവാനാഗ്രഹിക്കുന്നില്ല. ഇക്കാലത്ത് സമൂഹത്തിൽ പരസ്പരമുള്ള കൂടിക്കാഴ്ചകളും കണ്ടുമുട്ടലുകളും അധികമായിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട് നമ്മുടെ വലിയ മഹാത്മാക്കൾ കൈയൊഴിഞ്ഞ തിന്മകൾ അവരിൽ ചിലരുടെ മക്കളെ അന്യരുമായിട്ടുള്ള ഇടപഴകലുകൾ കാരണം വീണ്ടും സ്വാധീനിക്കുന്നുണ്ട്. നമ്മുടെ അഹ്മദീ സമൂഹത്തിൽ അഹ്മദീ തലമുറകളിൽ പരിശുദ്ധവും പവിത്രവുമായ ചിന്താഗതി സൃഷ്ടിക്കാൻ എല്ലാതലങ്ങളിലും ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയും പോഷക സംഘടനകളുടെ വ്യവസ്ഥിതിയും പ്രത്യേകമായ നിലയിൽ അസൂയ, തെറ്റായധാരണ, സംശയം, മറ്റുള്ളവരെ കൊച്ചാക്കൽ, കളവ് തുടങ്ങിയ എല്ലാ തിന്മകളേയും ഇല്ലാതാക്കാൻ പ്രവർത്തിക്കേണ്ടതാണ്. ഓരോ തിന്മയേയും പരാമർശിച്ചുകൊണ്ട് കുറ

(ശേഷം 3-ാം പേജിൽ)

# ഇന്തോനേഷ്യയിൽ അഹ്മദിയ്യാ പള്ളിക്കു നേരെ ആക്രമണം

**സൗത്ത് സുലാവസി (ഇന്തോനേഷ്യ):** ഇന്തോനേഷ്യയിലെ കോണ്ട ജില്ലയിൽ റാനോവില എന്ന വില്ലേജിലെ അഹ്മദിയ്യാ മുസ്ലിം പള്ളി ഒരുകൂട്ടം തിരിച്ചറിയാത്ത ആളുകളുടെ ആക്രമണത്തിന്നിരയായി. പള്ളിയുടെ ജനൽ ഗ്ലാസ്സുകൾ, കാർപ്പറ്റ്, ഉച്ചഭാഷിണി തുടങ്ങിയവ ഈ ആക്രമണത്തിൽ തകർക്കപ്പെട്ടു. ആളുകൾക്ക് പരിക്കേറ്റതായ റിപ്പോർട്ടുകളില്ല.

നബിദിനത്തോടനുബന്ധിച്ചുള്ള ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നതിന്നിടയിലാണ് പൊടുന്നനെയുള്ള ആക്രമണം ഉണ്ടായത്. ഇരുട്ടിലേക്കു ഓടിമറഞ്ഞ അക്രമികളെ തിരിച്ചറിയാൻ സാധിച്ചില്ലായെന്ന് സംഭവസമയത്ത് പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ലോക്കൽ പ്രസിഡന്റ് സാമിലിൻ പറഞ്ഞു. സംഭവം നടന്ന് രണ്ടുമണിക്കൂർ കഴിഞ്ഞതിനുശേഷമാണ് പോലീസ് എത്തിച്ചേർന്നത്. ആക്രമികളുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് അറിയില്ലായെന്ന് സംഭവം അന്വേഷിക്കുന്ന പോലീസുദ്യോഗസ്ഥൻ അറിയിച്ചു. പള്ളിയുടേയും അഹ്മദികളുടേയും സംരക്ഷണത്തിന്നായി ഇരുന്നൂറോളം പോലീസുകാരെ സംഭവസ്ഥലത്ത് വിന്യസിപ്പിച്ചിട്ടുണ്ട്.

റാനോവില വില്ലേജിൽ ജമാഅത്തിന് ചുരുങ്ങിയത് 600 അംഗങ്ങളുണ്ടെന്നും ജമാഅത്ത് ഇവിടെ സ്ഥാപിതമായ 1995 മുതൽ ഇവരെല്ലാവരും അയൽക്കാരുമായി നല്ല ബന്ധമാണ് കാത്തുസൂക്ഷിക്കുന്നതെന്നും പ്രസിഡന്റ് പറഞ്ഞു.

1925-ൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിതമായ ഇന്തോനേഷ്യയിൽ ഏകദേശം രണ്ട് ലക്ഷത്തോളം അഹ്മദികളുണ്ട്. 1953-ൽ സർക്കാർ ജമാ അത്തിനെ അംഗീകരിച്ചെങ്കിലും മുല്ലമാരുടെ സമ്മർദ്ദം കാരണം 1984-ൽ അഹ്മദികളെ അവിശ്വാസികളായി കണക്കാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കുലർ അവിടെത്തെ മതകാര്യ മന്ത്രാലയം പുറത്തിറക്കുകയുണ്ടായി. ഇന്തോനേഷ്യൻ ഉലമാ കൗൺസിൽ അഹ്മദിയ്യാ വിശ്വാസങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഒരു ഫത്വ അടുത്തിടെ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ ഫലമായി രാജ്യം മുഴുവൻ അഹ്മദികൾക്കെതിരായുള്ള ആക്രമണങ്ങളുടെ ഒരു പരമ്പരതന്നെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

## ശില്പശാല

ജൂൺ 11 ഞായറാഴ്ച കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് മജ്ലിസ് അൻസാറുല്ലായുടെയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാഭ്യാസ ശില്പശാലയും പ്രദർശനവും സംഘടിപ്പിക്കുന്നു. കോഴിക്കോട് മേഖലാ അഹ്മദിയ്യാ ജമാഅത്ത് അമീർ എ.പി. കുഞ്ഞാമ്മു സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്യുന്നു. ചടങ്ങിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിക്കും. മജ്ലിസ് അൻസാറുള്ളാ സംസ്ഥാന നാസിം പി.പി.നസിറുദ്ദീൻ സാഹിബ് മുഖ്യാതിഥി ആയിരിക്കും. ശ്രീ. ശിവദാസൻ, ഡോ. ശക്കീൽ അഹ്മദ് ഐ.എ.എസ്. എന്നിവർ ക്ലാസ്സെടുക്കുന്നതാണ്. വിദ്യാഭ്യാസ പ്രദർശനത്തിൽ ജാമിഅ അഹ്മദിയ്യായുടെയും, മെഡിക്കൽ, എഞ്ചിനിയറിംഗ്, മാനേജ്മെന്റ് രംഗത്തെയുംവിശദാംശങ്ങൾ നൽകുന്ന സ്റ്റാളുകൾ ഉണ്ടായിരിക്കും. മാനേജ്മെന്റ്, എഞ്ചിനീയറിംഗ് തുടങ്ങിയ രംഗങ്ങളിലെ വിദഗ്ദർ ശില്പശാലയിലും പ്രദർശനത്തിലും പങ്കെടുക്കുന്നതാണ്. ശില്പശാലയെകുറിച്ചുള്ള വിശദമായ സർക്കുലർ ഖാഇദുമാർക്ക് അയച്ചതായി ഉത്തരമേഖലാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസിൽ നിന്നും അറിയിച്ചു.

## താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്



റബ്വ: റബ്വയിൽ 'ഫസ്ലെ ഉമർ ഹോസ്പിറ്റൽ' കോംപ്ലക്സിൽ പുതുതായി നിർമ്മിക്കപ്പെട്ട താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് 2003-ൽ നിർമ്മാണം ആരംഭിച്ച് 2005-ൽ പൂർത്തീകരിക്കുകയുണ്ടായി. ഓപ്പൺ ഹാർട്ട് സർജറി, ആഞ്ചിയോഗ്രാഫി, ആഞ്ചിയോപ്ലാസ്റ്റി തുടങ്ങിയ എല്ലാ ചികിത്സാസൗകര്യങ്ങളും ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാണ്. 250 പേർക്കിരിക്കാവുന്ന ആഡിറ്റോറിയം, റിസർച്ച് സെന്റർ എന്നിവയും ഈ കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്. 45,000 മാത്രം ജനസംഖ്യയുള്ള ഒരു പട്ടണത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ലോകത്തിലെതന്നെ ആദ്യസംരംഭമാണ്.


## ഭൂകമ്പം: ഇന്തോനേഷ്യയെ പിടിച്ചുലയ്ക്കുന്നു!!

**ജക്കാർത്ത, മെയ് 27:** ഇന്തോനേഷ്യയിലെ മധ്യജാവയിൽ മെയ് 27നുണ്ടായ ശക്തമായ ഭൂകമ്പത്തിൽ നിരവധിയാളുകൾക്ക് ജീവഹാനി സംഭവിക്കുകയും ഒട്ടേറെപേർ ഭവനരഹിതരാവുകയും ചെയ്തിരിക്കുന്നു. മരണസംഖ്യ 5300 ആണെന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ, യഥാർത്ഥ മരണസംഖ്യ ഇതിലും എത്രയോ അധികമാവുമെന്ന് കരുതപ്പെടുന്നു.

ജാവയിൽ മാത്രം മൂന്ന് ലക്ഷത്തോളം പേർ ഭവനരഹിതരായതായി കണക്കാക്കപ്പെടുന്നു. ജനസാന്ദ്രതയേറിയ ബാൺടൻ പട്ടണത്തിലെ 80% കെട്ടിടങ്ങളും തകർന്നടിഞ്ഞിട്ടുണ്ട്. മെയ് 27 ശനിയാഴ്ച രാത്രി ജനങ്ങൾ തെരുവോരങ്ങളിലാണ് കഴിച്ചുകൂട്ടിയത്. ഇവിടെ ഭക്ഷണ-കുടിവെള്ള ക്ഷാമവും രൂക്ഷമായിരിക്കുകയാണ്. ദുരിതബാധിതരെ സഹായിക്കുന്നതിനായി ഇന്തോനേഷ്യ അന്താരാഷ്ട്രസഹായത്തിന് അഭ്യർത്ഥിച്ചിരിക്കുകയാണ്.

# സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് ഉന്നതിയിലേക്ക് കുതിക്കുക

ഡോ. സലാഹുദ്ദീൻ



**കൂടാളി: മെയ് 6.** അഹ്മദിയ്യാകുട്ടികൾ ഓരോരുത്തരും അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മുന്നോട്ടു കുതിക്കണമെന്ന് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് ആഹ്വാനം ചെയ്തു. കൂടാളിയിൽ കണ്ണൂർ മേഖലാ അത്ഫാലുൽ അഹ്മദിയ്യാ ദ്വിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അഹ്മദി വിദ്യാർത്ഥികൾ അവരവരുടെ ക്ലാസ്സുകളിൽ ആദ്യത്തെ പത്തുപേരിൽ ഒരാളെങ്കിലും ആവണമെന്ന ഹുസൂറിന്റെ നിർദ്ദേശം മാനിച്ചുകൊണ്ട് കുട്ടികൾ പഠനത്തിൽ കൂടുതൽ താല്പര്യം കാണിക്കണമെന്നും പരുന്തിനെപ്പോലെ ഉയരങ്ങളിൽ പറന്നുയരാൻ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിന് ആശംസകളർപ്പിച്ചുകൊണ്ട് കൂടാളി ജമാഅത്ത് പ്രസിഡന്റ് ജനാബ് ഹസ്സൻ സാഹിബ് സംസാരിച്ചു. ഇലാഖ തഅ്ലീം സെക്രട്ടറിയും കണ്ണൂർ സിറ്റി ഖാഇദുമായ പി. ശഫി അഹ്മദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. നദീം അഹ്മദ് സ്വാഗതം പറഞ്ഞു.

ശ്രീ. ബാലകൃഷ്ണൻ നീലേശ്വരം അവതരിപ്പിച്ച മാജിക് പ്രദർശനം, തർബിയ്യത്ത് ക്ലാസ്സുകൾ, വിനോദയാത്ര, വീഡിയോ പ്രദർശനം, 'എന്നെ അറിയുക' ഗ്രൂപ്പ് ചർച്ചകൾ, ക്വിസ്സ് തുടങ്ങിയ പരിപാടികൾ തുടർന്നുള്ള രണ്ട് ദിവസങ്ങളിലായി നടത്തപ്പെട്ടു. മൗലവിമാരായ മുഹമ്മദ് ഇസ്മായീൽ സാഹിബ്, അബ്ദുസ്സലാം സാഹിബ്, ശരീഫ് അഹ്മദ് സാഹിബ്, ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. സമാപന സമ്മേളനത്തിൽ കണ്ണൂർ മേഖലാ അമീർ ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് മുഖ്യാതിഥിയായിരുന്നു. ടി. ഷാജിർ അഹ്മദ് ആദ്ധ്യക്ഷം വഹിച്ചു. ടി. ശംസുദ്ദീൻ ക്യാമ്പ് അവലോകനം ചെയ്തു. ഫിറോസ്മട്ടന്നൂർ നന്ദി പറഞ്ഞു.

# 'തഖ്വ' പിന്തുടർച്ചാവകാശമായി നൽകുക

മൗലവി മുഹമ്മദ് ഉമർ എച്ച്.എ.

**പഴയങ്ങാടി മെയ് 21:** മാതാപിതാക്കൾ അവരുടെ മക്കൾക്ക് 'തഖ്വ' (ഭയഭക്തി) പിൻതുടർച്ചാവകാശമായി നൽകണമെന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ചീഫ് മിഷനറിയും സംസ്ഥാന കോ-ഓർഡിനേറ്ററുമായ മൗലവി മുഹമ്മദ് ഉമർ സാഹിബ് പറഞ്ഞു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ കണ്ണൂർ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമൂഹ്യാന്തരീക്ഷം വളരെയേറെ മോശമായിരിക്കുന്ന ഈ കാലഘട്ടത്തിൽ തഖ്വ അനിവാര്യമാണെന്നും കൂടുതൽ വിനയാന്വിതരായി ജീവിക്കുന്നതിലൂടെ ദൈവസഹായം കരഗതമാകുന്നതാണെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ മേഖലാ അമീർ ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ജ: സി.എച്ച്. അബ്ദുശ്ശക്കൂർ സാഹിബ് ഖുർആൻ പാരായണം ചെയ്തു. അഡ്വ. ജമീൽ അഹ്മദ് സാഹിബ് സ്വാഗതം പറഞ്ഞു.

തുടർന്ന് 'തർബിയ്യത്ത്' എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് കണ്ണൂർ ടൗൺ അൻസാറുല്ലാ സഈം കെ. അബ്ദുൽ അസീസ് സാഹിബ് എന്നിവർ സംസാരിച്ചു. ഉച്ചയ്ക്കുശേഷം 'തബ്ലീഗ്' എന്ന വിഷയത്തെ സംബന്ധിച്ച് മൗലവി ടി.എം. മുഹമ്മദ് സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ്, പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന തബ്ലീഗ് ചർച്ചയിൽ ശംസുദ്ദീൻ മോഡറേറ്ററായിരുന്നു.

## ആശയവിശദീകരണയോഗം

**കണ്ണൂർ: മെയ് 18.** കണ്ണൂർ മേഖലാ മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൊതുയോഗം സംഘടിപ്പിച്ചു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആശയങ്ങൾ വിശദീകരിച്ചുകൊണ്ട് മൗലവിമാരായ എൻ. ശഫീഖ് അഹ്മദ് സാഹിബ്, ശരീഫ് അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. യോഗത്തിൽ മൗലവി ടി.എം. മുഹമ്മദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു.

## നബിദിനയോഗം

**കണ്ണൂർസിറ്റി: ഏപ്രിൽ.** കണ്ണൂർസിറ്റി അഹ്മദിയ്യാജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ സിറ്റി പള്ളിയിൽ നബികീർത്തനയോഗം സംഘടിപ്പിച്ചു. ആദർശത്തിലധിഷ്ഠിതമായ അനുഷ്ഠാന കർമ്മം ലോകത്തിനു മുന്നിൽ കാഴ്ചവെച്ച വ്യക്തിത്വമാണ് തിരുനബി(സ)യെന്നും അദ്ദേഹം സ്വപ്രവൃത്തിയിലൂടെ ഖുർആൻ എന്താണെന്ന് നമുക്ക് കാണിച്ചുതന്നിരിക്കയാണെന്നും ചടങ്ങിൽ സംസാരിച്ച കണ്ണൂർ യൂനിവേഴ്സിറ്റി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ പി. മുസഫർ അഹ്മദ് സാഹിബ് പറഞ്ഞു. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബും സംബന്ധിച്ചു. ജമാഅത്ത് പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് അദ്ധ്യക്ഷം വഹിച്ചു.

## ഖിലാഫത്ത് ദിനയോഗം

**കണ്ണൂർ ടൗൺ മെയ് 27:** കണ്ണൂർ ടൗൺ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ദിനയോഗം നടത്തി. അൻസാറുല്ലാഹ് ഭാരത് നായിബ് സദർ മൗലവി ഇനായത്തുല്ലാ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പ്രസംഗിച്ചു. പ്രസിഡന്റ് ബി.അബ്ദുസ്സലാം സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

**കണ്ണൂർ സിറ്റി മെയ് 27:** കണ്ണൂർ സിറ്റി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 27-ന് ഖിലാഫത്ത്ദിന യോഗം നടത്തി. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ്, പി. ശഫീ അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. പ്രസിഡന്റ് മുഹമ്മദ് സാലിഹ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

# കോഴിക്കോട്, മലപ്പുറം മേഖലാ അത്ഫാൽ കേമ്പ് സമാപിച്ചു

**കോഴിക്കോട്, മെയ് 20:** കോഴിക്കോട്, മലപ്പുറം മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ അത്ഫാലുൽ അഹ്മദിയ്യാ കേമ്പ് സമാപിച്ചു. മെയ് 19, 20 തിയ്യതികളിലായി കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടന്ന കേമ്പ് കോഴിക്കോട് മേഖലാ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അമീർ ജ:എ.പി. കുഞ്ഞാമുസാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് ഉമർ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ്, ഇലാഖാ അത്ഫാൽ നാസിം ഉണ്ണീൻ സാഹിബ് എന്നിവർ സംസാരിച്ചു. ഇലാഖ നാഇബ് ഖാഇദ് ജ: പി.എം. ബശീർ സാഹിബ് അധ്യക്ഷത വഹിച്ചു. മാത്തോട്ടം ഖാഇദ് ജ: ഷൗക്കത്ത് സാഹിബ് ചടങ്ങിന് സ്വാഗതം പറഞ്ഞു. വിവിധ വൈജ്ഞാനിക മത്സരങ്ങൾ, പ്ലാനറ്റോറിയം സന്ദർശനം, കുട്ടികളുമായുള്ള ഇന്റർവ്യൂ എന്നിവ കേമ്പിന്റെ ഭാഗമായി നടത്തപ്പെട്ടു. കോഴിക്കോട് മേഖലാ മജ്ലിസ് അൻസാറുല്ലാ സഈം സമ്മാനദാനം നടത്തി.

## ബജറ്റ് ഇരട്ടിയാക്കാൻ ശ്രമിക്കുക

ഖുദ്ദാമുൽ അഹ്മദിയ്യാ ബജറ്റ് ചുരുങ്ങിയത് രണ്ടിരട്ടിയായെങ്കിലും വർദ്ധിപ്പിക്കണമെന്ന് ഹുസൂർ തിരുമനസ്സ് അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ ഓരോ മജ്ലിസും അവരുടെ ചന്ദവിഹിതം വർദ്ധിപ്പിക്കുന്നതിനും, ചന്ദ പിരിവ് ഊർജ്ജിതമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മാൽവാരം നടത്തി നാളിതുവരെയുള്ള ചന്ദ മുഴുവൻ പിരിച്ചെടുക്കാനപേക്ഷിക്കുന്നു.

*സെക്രട്ടറിമാൽ*
*(നോർത്ത് ഇലാഖ)*

# രണ്ടാം ലോക മതസമ്മേളനം




ബ്രിട്ടനിലെ അഹ്മദിയ്യാ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടാമത് ലോക മതസമ്മേളനം നടന്നു. മാറ്റ്സ്കി സെന്റിനിയൽ ഓഡിറ്റോറിയത്തിൽ നടന്ന ഈ സമ്മേളനം ദൈവിക മുന്നറിയിപ്പുകൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്തു. മുസ്ലിം, ഹിന്ദു, ക്രിസ്റ്റ്യൻ, സിഖ്, ബുദ്ധ, ജൈന മതങ്ങളിൽ നിന്നായി നിരവധി പണ്ഡിതർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. അബോഡ്സ്ഫോർ-ക്ലേബൺ എം.എൽ.എ. ജോൺ ഡങ്കൻ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

# വഖാറെ-അമൽ, തർബിയത്ത് ക്യാമ്പ്

എറണാകുളം മേഖലാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഏപ്രിൽ 16ന് വഖാറെ-അമൽ-തർബിയത്ത് ക്യാമ്പ് സംഘടിപ്പിച്ചു. തർബിയത്ത് ക്ലാസ്സിൽ ബി. ബി. അഹ്മദ് കബീർ സാഹിബ്, മൗലവി മൻസിൽ സാഹിബ് തുടങ്ങിയവർ പ്രഭാഷണം നടത്തി. പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ശ്രമദാനങ്ങളാണ് ക്യാമ്പിനോടനുബന്ധിച്ച് നടത്തപ്പെട്ടത്. ഹുസൂറിന്റെ ഖുത്ബയിലെ കാർട്ടൂൺ വിവാദവുമായി ബന്ധപ്പെട്ട ഭാഗങ്ങളും, സാമ്പത്തികം, നമസ്കാരം തുടങ്ങിയ കാര്യങ്ങളെ ആസ്പദമാക്കിയ ഖുത്ബകളുടെ സംഗ്രഹങ്ങളും ക്യാമ്പിൽ അവതരിപ്പിക്കപ്പെട്ടു. ഈ ക്യാമ്പ് രണ്ടു സെഷനുകളായാണ് സംഘടിപ്പിച്ചത്. ക്യാമ്പിൽ സേവന രംഗത്തേയും മതബോധന രംഗത്തേയും സജീവമായ ചർച്ചകൾ നടന്നു.

# തിരുവനന്തപുരം മേഖലാ തർബിയത്ത് ക്യാമ്പ്

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ തിരുവനന്തപുരം മേഖലയിലെ മജ്ലിസുകളുടെ തർബിയത്ത് ക്യാമ്പ് കൊല്ലം അഹ്മദിയ്യാ മസ്ജിദിൽ നടത്തി. ക്യാമ്പിൽ സൗത്ത് ഇലാഖാ ഖായിദ് അബൂബക്കർ സാഹിബ്, ഫുആദ് ജലീൽ, സഹീർ അഹ്മദ്, മൗലവി ഷഫീഖ് അഹ്മദ് തുടങ്ങിയവർ സംബന്ധിച്ചു.



**ഹുസൂറിന്റെ പ്രസ് സെക്രട്ടറിയും ഇന്റർനാഷണൽ അഹ്മദിയ്യാ ആർക്കിടെക്ട് അസോസിയേഷൻ പ്രസിഡന്റുമായ ചൗധരി അഹ്മദ് റശീദ് സാഹിബ് കണ്ണൂർ സിറ്റി ജമാഅത്ത് സന്ദർശിച്ചപ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യാ വക ഉപഹാരം ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് നൽകുന്നു.**

## വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നല്കുക:

**പ്രൊഫ. അബ്ദുൽ കരീം**

**ചേലക്കര മെയ് 13:** പാലക്കാട് മേഖലാ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ വേനൽക്കാല ക്യാമ്പ് മെയ് 13, 14 തിയ്യതികളിൽ ചേലക്കര അഹ്മദിയ്യാ മസ്ജിദിൽവെച്ച് നടന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വർദ്ധിച്ച പങ്കാളിത്തം ഈ കൂട്ടായ്മയുടെ പ്രത്യേകതയായിരുന്നു. 13-ാം തിയ്യതി രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ മേഖലാ ഖായിദ് ഡോ. സലാഹുദ്ദീൻ സാഹിബ് അദ്ധ്യക്ഷനായിരുന്നു. ക്യാമ്പ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാലക്കാട് മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. തന്റെ പ്രഭാഷണത്തിൽ അദ്ദേഹം അത്ഫാലുകളോട് വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ നിർദ്ദേശിച്ചു. കളികൾക്ക് അമിതമായ പ്രാധാന്യം നല്കരുതെന്നും പ്രൊഫ. അബ്ദുൽ കരീം സാഹിബ് തുടർന്നു പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിൽ ചേലക്കര ജമാഅത്ത് പ്രസിഡന്റ് അനസ് സാഹിബ് ആശംസകളർപ്പിച്ചു.

ക്യാമ്പിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ജനാബ് ഈസക്കോയ സാഹിബ്, എച്ച്. സുലൈമാൻ മാസ്റ്റർ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി ഖമറുദ്ദീൻ സാഹിബ് തുടങ്ങിയവർ ക്ലാസ് നടത്തി. കുട്ടികളുടെ സംശയങ്ങൾക്ക് ജനാബ് സമിം സാഹിബ്, ഉണ്ണീൻ സാഹിബ് തുടങ്ങിയവർ മറുപടി പറഞ്ഞു. മെയ് 14 ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തരമേഖലാ മുഅ്ത്തമിദ് സമിം മുഖ്യപ്രഭാഷണം നടത്തി. സി. നാസിർ അഹ്മദ് അദ്ധ്യക്ഷനായിരുന്നു. മക്ബുൽ അഹ്മദ് ക്യാമ്പ് അവലോകനം നടത്തി. കുട്ടികൾക്കായി നടത്തിയ വിവിധ മത്സരത്തിൽ വിജയികൾക്കുള്ള സമ്മാനദാനം സമിം, മൗലവി മുഹമ്മദുണ്ണി മുസ്‌ലിയാർ എന്നിവർ ചേർന്ന് നടത്തി.

## മതസൗഹാർദ്ദ സംഗമം

കാനഡ, മെയ് 16: കാനഡയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 'റിച്ച്മൗണ്ട് ഹിൽ' ശാഖയുടെ ആഭിമുഖ്യത്തിൽ ക്രിസ്ത്യൻ, ജൂത പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മതസൗഹാർദ്ദ സംഗമം നടത്തുകയുണ്ടായി. റവ: ഡാമിയൻ മെക്ഫെർസൺ, റാബ്ബിമണ്ടൽ, മൗലാനാ നസീം മഹ്ദി എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ളതായിരുന്നു ഈ സംഗമം. മരുഭൂമിയിലെ മുസ്‌ലിംകൾ ഇസ്‌ലാമിനെ റാഞ്ചിയെടുത്തിരിക്കുകയാണെന്നും ചില ഗ്രൂപ്പുകൾ വ്യാഖ്യാനിക്കുന്നതുപോലെ ഇസ്‌ലാമിനെയും ഖുർആനെയും തെറ്റിദ്ധരിക്കരുതെന്നും സംഗമത്തിൽ പങ്കെടുത്ത റിച്ച്മൗണ്ട് ഹിൽ അഹ്മദിയ്യാ മുസ്‌ലിം സെക്രട്ടറി മാലിക് സഫർ അഹ്മദ് പറഞ്ഞു. ക്രിസ്ത്യാനികളെയോ ജൂതരേയോ അവിശ്വാസികളെന്ന് വിളിക്കാൻ മുസ്‌ലിംകൾക്ക് അവകാശമില്ലെന്നും മറ്റു മതസ്ഥരെ കൂടി സഹായിക്കേണ്ടതും ബഹുമാനിക്കേണ്ടതുമാണെന്നുമാണ് അഹ്മദിയ്യാ വീക്ഷണം. വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം സൃഷ്ടിക്കുക എന്നത് ജമാഅത്തിന്റെ ലക്ഷ്യമാണെന്നും ഇത്തരം മതസൗഹാർദ്ദ സംഗമം അതിനു സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

## നബികീർത്തന യോഗം

ഇക്കഴിഞ്ഞ ഏപ്രിൽ മാസം കണ്ണൂർടൗൺ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നബികീർത്തനയോഗം നടന്നു. മൗലവി ശരീഫ് അഹ്മദ് സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. കെ. അബ്ദുൾ അസീസ് അദ്ധ്യക്ഷനായിരുന്നു.

## ചർച്ച

'ഞാൻ പ്രതീക്ഷിക്കുന്ന ഭരണം' എന്ന വിഷയം മുൻനിർത്തി കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു ചർച്ച സംഘടിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്ത ഖാദിംകൾ തങ്ങളുടെ സങ്കല്പത്തിലുള്ള ഭരണത്തെപ്പറ്റി പ്രതിപാദിച്ചു സംസാരിച്ചു. ഖാഇദ് ടി. ഷാജിർ അഹ്മദ് മോഡറേറ്ററായിരുന്നു. സുബിൻ അഷ്റഫ്, ഷെഹിൻ, ഗുലാം, സജിൻ നിസാർ, ഹിശാം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## തബ്‌ലീഗ്

കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗണിൽ നോട്ടീസ് വിതരണം നടത്തി. ഹൈന്ദവ- ക്രിസ്ത്യൻ മതവിഭാഗങ്ങൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കാനുള്ള പുതിയൊരു സംരംഭമായിരുന്നു ഇത്. ഗുലാം അഹ്മദ്, നിഷാദ് അസീസ്, ജിജിൻ, നിഷാൻ തുടങ്ങിയവർ പങ്കെടുത്തു.



**ഹുസൂർ ടോക്കിയോയിലെ ഒരു സൽക്കാരവേളയിൽ**

## നബിയുടെ ജീവിതത്തിൽ നിന്ന് പാഠം ഉൾക്കൊള്ളുക.

കണ്ണൂർ മെയ് 22 മുഹമ്മദ് നബിയുടെ ജീവിതത്തിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് കുടുംബജീവിതം ഭദ്രമാക്കണമെന്ന് ലജ്നാഇമായില്ലാ സംസ്ഥാന പ്രസിഡണ്ട് അമത്തുൽ ഹഫീസ് സാഹിബ പറഞ്ഞു. കണ്ണൂർ ടൗൺ അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സിൽ കണ്ണൂർ മേഖലാ ലജ്നാഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടത്തിയ നബി കീർത്തന യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ഡോ. മുബാറക്ക മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. ജുവൈരിയ ഗൗഹർ, ശാക്കിറ റഹീം, ഹമീദ നാസർ, മശ്ഹൂദ, ശരീഫബി എന്നിവർ സംസാരിച്ചു. വഹീദ സലീം ചടങ്ങിന് സ്വാഗതം പറഞ്ഞു

*(1-ാം പേജിൽ നിന്ന്)*

ച്ചുനാൾ മുമ്പേ ഇതുസംബന്ധമായി ഞാൻ വിശദീകരിച്ച് ഖുത്ബ ഓതിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന് നല്ല ഫലവും കണ്ടിരുന്നു. പക്ഷേ, മനുഷ്യപ്രകൃതി എന്നുപറയുന്നത് ആവർത്തിച്ചാവർത്തിച്ച് ഓർമ്മിപ്പിക്കുന്നില്ലെങ്കിൽ മറന്നുപോകുമെന്നതാണ്. അതുകൊണ്ട്, ഉപദേശിച്ചുകൊണ്ടിരിക്കാൻ അല്ലാഹു നമ്മോടു കല്പിച്ചിരിക്കുന്നു. ഈ ഓർമ്മപ്പെടുത്തൽക്കൊണ്ട് കാര്യങ്ങൾ അയവിറക്കിക്കൊണ്ടിരിക്കാനും അവസരം കിട്ടിക്കൊണ്ടിരിക്കുന്നു. അല്പം പറഞ്ഞുകൊടുത്താൽ നന്നായിത്തീരുകയും നന്നായിത്തീരാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരുപാടാളുകൾ ഉണ്ട്. ഉപദേശം കേട്ടുകൊണ്ട്, അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തെക്കുറിച്ച് പ്രത്യേകമായിപ്പറഞ്ഞ ഖുത്ബ കേട്ടുകൊണ്ട്, അത് തങ്ങളെ കുറിച്ചല്ല ഇന്നയാളെക്കുറിച്ചാണെന്ന് പറയുന്നവരുമുണ്ട്. പിന്നീട് വലിയ അഭിമാനത്തോടുകൂടി ആ ഖുത്ബ എടുത്തുദ്ധരിച്ചുകൊണ്ട്, താങ്കൾ ഈ വിഷയത്തെക്കുറിച്ച് ഒരു ഖുത്ബ കൊടുത്തിരുന്നു, അത് ഉദ്ധരിച്ചുകൊണ്ടാണ് ഞാനെഴുതുന്നത്, ഇന്ന ഭാരവാഹി അല്ലെങ്കിൽ ഇന്ന അഹ്മദി അതിൽ പറഞ്ഞ കുറ്റം ചെയ്യുന്നയാളാണ്, അതിൽ കുടുങ്ങിക്കിടക്കുന്നയാളാണ്. അതുകൊണ്ട് അയാളെ നന്നാക്കുന്നതിലേക്ക് താങ്കൾ ശ്രദ്ധിക്കുക എന്നെഴുതാറുണ്ട്. അന്വേഷിച്ചുനോക്കുമ്പോൾ ഞാൻ പറഞ്ഞതുപോലെ ഏറ്റവും കൂടുതൽ ഈ തിന്മയിൽ പരാതിക്കാരൻ തന്നെ അകപ്പെട്ടിരിക്കുന്നതായി അറിയാൻ കഴിയും.

അതുകൊണ്ട് ഏതെങ്കിലും ഉപദേശം കേട്ടാൽ, അല്ലെങ്കിൽ കാലത്തിന്റെ ഖലീഫ എന്തെങ്കിലും കാര്യത്തെക്കുറിച്ച് പറഞ്ഞാൽ ഒന്നാമത്തെ സംബോധിതൻ താൻതന്നെയാണെന്ന് ഓരോ അഹ്മദിയും മനസ്സിലാക്കുക. സ്വയം നന്നാക്കാനും സമൂഹത്തിൽ നിന്ന് അഴുക്ക് അവസാനിപ്പിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാനും ആഗ്രഹിക്കുന്നെങ്കിൽ, ഈ ദോഷങ്ങളെയെല്ലാം ഹൃദയത്തിൽ നിന്നകറ്റുക. ഇതുസംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിലും നമ്മോടു പറഞ്ഞിട്ടുണ്ട്. ഇത് മോശപ്പെട്ട ഒരു രോഗമാണ്. ഇത് മനുഷ്യന്റെ ഉള്ളിൽനിന്നും ആത്മീയത നഷ്ടപ്പെടുത്തുകയും ശയ്ത്വാന്റെ പ്രകമ്പനങ്ങളിലേക്ക് തള്ളിയിടുകയും ചെയ്യുന്നു. സമൂഹത്തിലെ സമാധാനവും ശാന്തിയും നശിപ്പിക്കുന്നു. അതുകൊണ്ട്, അല്ലാഹു, തന്റെ ഈ പവിത്രമായ ഗ്രന്ഥത്തിൽ ഈ തിന്മകളിൽനിന്ന് രക്ഷപ്പെടാൻ പറഞ്ഞിരിക്കുന്നു; ഒരു സത്യവിശ്വാസി ഓരോ നിമിഷവും പരിശുദ്ധിയിലും ആത്മീയതയിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകാൻ വേണ്ടി. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് ആഗതരായിട്ടുള്ളത്; ആത്മീയതയുടെ അഭിവൃദ്ധിയിലേക്ക് നമ്മെ കൈപിടിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി. അവിടത്തോടു അനുസരണപ്രതിജ്ഞ ചെയ്തിട്ടുള്ളവനാണ് ഓരോ അഹ്മദിയും. ഈ അനുസരണപ്രതിജ്ഞയ്ക്കുശേഷം തിന്മയിൽ അകപ്പെട്ടിരിക്കുകയും സമൂഹത്തിൽ കുഴപ്പവും കലഹവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ അനുസരണപ്രതിജ്ഞ കൊണ്ട് എന്തു നേട്ടമുണ്ടാകാനാണ്? അതിനാൽ ഓരോരുത്തരും ആദ്യമേ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നന്മ ചെയ്യാനുള്ള കല്പനകൾ അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഇങ്ങനെ എല്ലാ രീതിയിലും നാലുഭാഗത്തുനിന്നും സ്വയം പരിശുദ്ധനും പവിത്രനുമായി തീരുമ്പോഴാണ് മറ്റുള്ളവരുടെമേൽ ആക്ഷേപം ഉന്നയിക്കാൻ അവകാശമുള്ളത്. ഈ തിന്മകളെക്കുറിച്ച് അല്പം വിശദീകരിച്ചു പറയാനാണ് ഞാനാഗ്രഹിക്കുന്നത്. ഒന്നാമതായി അസൂയയെക്കുറിച്ചാണ് പറയുന്നത്.

അസൂയാലുവിന്റെ അവസ്ഥ നരകത്തിലെ ചലം കുടിക്കുന്നവന്റേതാണ്. അത് സത്യവിശ്വാസിയ്ക്ക് അല്ലാഹുവിലുള്ള വിശ്വാസം നഷ്ടപ്പെടാനും കാരണമാകുന്നു. അസൂയ നരകത്തിലേക്കു കൊണ്ടുപോകുന്ന സംഗതിയാണെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. വളരെ ഭയപ്പെടേണ്ട ഘട്ടമാണിത്. അസൂയാലു, മറ്റുള്ളവർക്ക് താൽക്കാലിക നഷ്ടം വരുത്താൻ ശ്രമിക്കുമ്പോൾ, അതിന് പരിഹാരമുണ്ടാക്കാൻ കഴിയും. പക്ഷേ, അയാൾ ആ അസൂയ കാരണത്താൽ തന്റെ ഈമാനെ നഷ്ടപ്പെടുത്തിക്കൊണ്ട് നരകം തന്റെമേൽ കയറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. അതിനാൽ, ആരുടെയെങ്കിലും അഭിവൃദ്ധിയും ഖിലാഫത്തുമായുള്ള കൂടുതൽ അടുപ്പവും, ആരുടെയെങ്കിലുംമേൽ ഉണ്ടാകുന്ന അല്ലാഹുവിന്റെ അനുഗ്രഹവും കണ്ടുകൊണ്ട് അസൂയപ്പെടുന്നതിനു പകരം അതിൽ അഭിമാനം കൊള്ളുകയാണ് വേണ്ടത്. സ്വയം ആ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനിയോട് ജനങ്ങളിൽ ആരാണ് ഉത്തമൻ എന്ന് ചോദിക്കപ്പെട്ടു. നബി(സ) തിരുമേനി പറഞ്ഞു: എല്ലാ ***മഹ്മൂദുൽ ഖൽബും, സുദൂഖുൽ ല്ലിസ്സാനും*** സ്വഹാബത്ത് ചോദിച്ചു. ***സുദൂഖുൽ ലിസാൻ*** എന്നുപറഞ്ഞാൽ എന്താണെന്ന് ഞങ്ങൾക്കറിയാം. ***മഹ്മൂദുൽ ഖൽബ്*** എന്താണ്. നബി(സ) തിരുമേനി പറഞ്ഞു: പരിശുദ്ധവും പവിത്രവുമായ ഹൃദയമാണത്. അതിൽ ഒരു പാപവും ഒരു വക്രതയും ഒരുവൈരാഗ്യവും പകയും അസൂയയും ഉണ്ടാകുകയില്ല.

ഇതാണ് ഒരു സത്യവാനായ മുസ്‌ലിമിന്റെ സത്യവാനായ അഹ്മദിയുടെ അടയാളം. അവന്റെ സ്ഥാനം. മഹ്മൂദുൽഖൽബായിത്തീരാൻ ശ്രമിക്കുക. പാപങ്ങളിൽനിന്ന് രക്ഷപ്പെടുക. സ്വന്തം ഹൃദയത്തിന്റെ വളവ് നേരെയാക്കുക. വൈരാഗ്യം, വെറുപ്പ്, അസൂയ തുടങ്ങിയവയിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട്, സ്വയം നരകം നിഷിദ്ധമാക്കുക. സമാധാനപരമായ ജീവിതം കാരണത്താൽ ഈ ലോകത്തും സ്വർഗ്ഗം പ്രാപിക്കുന്നവരായിത്തീരണം, പരലോകത്തും സ്വർഗ്ഗത്തിന് അവകാശികളാകണം.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് സുബയ്ർ

*(ശേഷം 4-ാം പേജിൽ*

# അൽഹഖ്

AHMADIYYA NEWS BULLETTIN

മെയ് 2006 റബിയുൽആഖിർ


## ആവിഷ്കാര സ്വാതന്ത്ര്യം ഏകപക്ഷീയമോ?

2005 വർഷത്തിന്റെ അവസാനം ഡെന്മാർക്കിലെ ഒരു പത്രം നബി(സ) തിരുമേനിയെ ഭീകരവാദിയായി ചിത്രീകരിച്ചുകൊണ്ടുള്ള കാർട്ടൂൺ പ്രസിദ്ധീകരിക്കുകയുണ്ടായി. തുടർന്ന് മറ്റുചില പാശ്ചാത്യപത്രങ്ങളും ഈ പാത പിന്തുടർന്നു. ഈ സംഭവത്തോടുകൂടി പാശ്ചാത്യരും പൗരസ്ത്യരുമായ ഒരുകൂട്ടം ബുദ്ധിജീവികളും എഴുത്തുകാരും ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ കുറിച്ച് ഒരിക്കൽകൂടി വാചാലരാവുകയുണ്ടായി. അടുത്തകാലത്തായി ഈ വിഷയം ഏറെ ചർച്ചചെയ്യപ്പെട്ട മറ്റു രണ്ട് സന്ദർഭങ്ങൾകൂടി ഉണ്ടായിട്ടുണ്ട്. സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ', തസ്ലീമാ നസ്രീന്റെ 'ലജ്ജ' എന്നീ കൃതികൾ പ്രസിദ്ധീകൃതമായ സന്ദർഭങ്ങളാണവ. നബി(സ) തിരുമേനിയേയും ഇസ്ലാമിനേയും യാതൊരു അടിസ്ഥാനവുമില്ലാതെ ആക്ഷേപിച്ചുകൊണ്ടുള്ളതാണ് ഈ രണ്ട് കൃതികളും. മേൽപറഞ്ഞ കാർട്ടൂൺ വിവാദം ഉൾപ്പെടെയുള്ള ഈ സന്ദർഭങ്ങളിലെല്ലാം മുസ്ലിം വികാരം ആളിക്കത്തി. ഈ വികാരപ്രകടനം തികച്ചും സ്വാഭാവികം മാത്രം. ഇത്തരത്തിലുള്ള വികാരപ്രകടനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. തങ്ങൾ ജീവനേക്കാളേറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു മഹാപുരുഷനെ വ്യക്തിപരമായി തേജോവധം ചെയ്തുകൊണ്ടുള്ള പ്രസ്തുത കൃതികളും കാർട്ടൂണും മുസ്ലിംകളെ വികാരവിക്ഷോപങ്ങൾക്ക് അടിമപ്പെടുത്തുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഇവർ ഇത് ചെയ്യുന്നത്. ദൗർഭാഗ്യവശാൽ നേതൃത്വത്തിന്റെ അഭാവം കാരണം മുസ്ലിംകളിൽ ഒരുവിഭാഗം പ്രതിഷേധത്തിന് അക്രമമാർഗ്ഗമാണ് തിരഞ്ഞെടുത്തത്. ഈ സന്ദർഭത്തിൽ ഇത്തരത്തിലുള്ള കൃതികളും കാർട്ടൂണും പ്രസിദ്ധീകരിച്ചവർക്കെതിരായി എന്തെങ്കിലും പറയുന്നതിനു പകരം ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇവരെ ന്യായീകരിക്കാനാണ് മേൽപറഞ്ഞ ബുദ്ധിജീവികൾ ശ്രമിച്ചത്. എന്നാൽ മറ്റു മതപ്രസ്ഥാനങ്ങളെയോ ഗുരുക്കന്മാരേയോ സംബന്ധിച്ച് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ വരുമ്പോൾ ഇക്കൂട്ടരുടെ മട്ടും ഭാവവും മാറുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്നായി ഇവർ ശബ്ദിക്കുന്നില്ല. അടുത്തിടെ ക്രിസ്തുവിനെ സംബന്ധിച്ച് ഡേവിഡ് ബ്രൗൺ എഴുതിയ 'ഡാവിൻജി കോഡ്' എന്ന നോവൽ ഇതിനുദാഹരണമാണ്. അതിപ്പോൾ സിനിമയായിരിക്കുന്നു. ഈ കൃതിയും സിനിമയും ക്രിസ്തുമതതത്വങ്ങൾക്കെതിരാണെന്ന് പറഞ്ഞുകൊണ്ട് പോപ്പ്തന്നെ രംഗത്തെത്തിയിരിക്കുകയാണ്. സ്വന്തം മതതത്വങ്ങളെ ആക്ഷേപിക്കുമ്പോൾ സ്വാഭാവികമായും പ്രതിഷേധമുയരും. പക്ഷേ, ആവിഷ്ക്കാര സ്വാതന്ത്ര്യമെന്നുപറഞ്ഞ് ഈ കൃതിയേയും സിനിമയേയും ന്യായീകരിക്കാൻ ആരും തുനിഞ്ഞുകാണുന്നില്ല. ഇവിടെയാണ് ആവിഷ്ക്കാരസ്വാതന്ത്ര്യം ഏകപക്ഷീയമാണോ എന്ന സംശയം ഉയരുന്നത്.

ഇസ്ലാം ഒരിക്കലും ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ എതിർത്തിട്ടില്ല. ഏതൊരു പ്രത്യയശാസ്ത്രത്തേയും വിമർശിക്കാമെന്നുള്ളതാണ് ഇസ്ലാമിക കാഴ്ചപാട്. പക്ഷേ, അത് ആരോഗ്യപരമായിരിക്കണം. അത്തരം ആക്ഷേപങ്ങളെ ആശയപരമായിത്തന്നെ നേരിടണം എന്നുള്ളതാണ് അഹ്മദിയ്യാ വീക്ഷണം. പക്ഷേ, ഇവിടെ വ്യക്തികളെ അധിക്ഷേപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്. അതൊരിക്കലും പാടില്ലാത്തതാണ്. ബഹുമാനിക്കാൻ തയ്യാറായില്ലെങ്കിലും നിന്ദിക്കരുത് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

## ബംഗ്ലാ ജമാഅത്തെ-ഇസ്ലാമി വിമർശിക്കപ്പെടുന്നു

ബംഗ്ലാദേശിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന് നേതൃത്വം നല്കുന്ന ജമാഅത്തെ ഇസ്ലാമി ബംഗ്ലാദേശി സമൂഹത്തിൽ വിമർശിക്കപ്പെടുന്നു. ജമാഅത്തെ ഇസ്ലാമി സ്ഥാപകൻ അബുൽ അഅ്ലാ മൗദൂദിയുടെ പുസ്തകങ്ങൾ വിദ്യാഭ്യാസവകുപ്പിന് കീഴിൽ പാഠപുസ്തകങ്ങളാക്കി മാറ്റാൻ അനുവദിക്കില്ലായെന്ന പ്രധാനമന്ത്രി ഖാലിദാസിയയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ബംഗ്ലാപത്രമായ 'ദ നേഷൻ' പ്രസിദ്ധീകരിച്ച ലേഖനത്തിൽനിന്ന്-

മൗലാനാ അബുൽ അഅ്ലാ മൗദൂദി പാക്കിസ്ഥാൻ ആസ്ഥാനമായ ജമാഅത്തെ ഇസ്ലാമി സ്ഥാപകൻ എന്ന നിലയിലാണ് ഖ്യാതി നേടിയിട്ടുള്ളത്. എന്നാൽ മൗദൂദി പാക്കിസ്ഥാൻ എന്ന ആശയത്തിന് തീർത്തും എതിരായിരുന്നുവെന്ന് മുൻ പാക്ക് പ്രസിഡന്റ് അയ്യൂബ്ഖാൻ രേഖപ്പെടുത്തിയിട്ടുണ്ട്. (ഫ്രണ്ട്സ് നോട്ട് മാസ്റ്റേർസ്) എന്നിട്ടും അദ്ദേഹം പാക്കിസ്ഥാനിൽ അഭയം തേടുകയും അവിടെത്തെ ജനങ്ങൾക്കുവേണ്ടി (മൗദൂദിയുടെ ഭാഷയിൽ ഭാഗ്യംകെട്ട ജനങ്ങൾ) ഒരു 'മുസ്ലിം വല്കരണ പ്രസ്ഥാനം' ആരംഭിക്കുകയും ചെയ്തു.

ഇന്ത്യാവിഭജനത്തോടെയാണ് മൗദൂദി പാക്കിസ്ഥാനിലെത്തുന്നത്. അവിടെ അദ്ദേഹം ഒരു ഇസ്ലാമിക ഭരണഘടനയ്ക്കും, ഇസ്ലാമിക ജീവിതശൈലിക്കും വേണ്ടി പ്രക്ഷോഭം ആരംഭിച്ചു. ഇതേതുടർന്ന് 1948-ൽ മൗദൂദിയെ പാക്ക് ഗവർമ്മെന്റ് ജയിലിലടച്ചു. പിന്നീട് രണ്ട് വർഷങ്ങൾക്കുശേഷമാണദ്ദേഹം പുറത്തുവരുന്നത്. മൗദൂദിയുടെ ലക്ഷ്യത്തെക്കുറിച്ച് അയ്യൂബ്ഖാൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "ഉലമായെ അധികാരകേന്ദ്രമാക്കാനും, ജനങ്ങളെ വീണ്ടും നയിക്കാനുമുള്ള മുല്ലമാരുടെ ലക്ഷ്യം തന്നെയാണത്." പാശ്ചാത്യ വിദ്യാഭ്യാസമുള്ള ജിന്നയും അതുപോലുള്ളവരും നിരസിച്ചുകഴിഞ്ഞ തങ്ങളുടെ അവകാശാധികാരങ്ങൾ ഈ മുല്ലാക്കൾ തിരികെ ലഭിക്കാൻ ആഗ്രഹിച്ചിരുന്നു. ഇവിടെ മറ്റൊരു കാര്യം കൂടെ ഓർക്കാനുള്ളത്, പാക്കിസ്ഥാൻ എന്ന രാഷ്ട്രത്തെ ഒരു ഇസ്ലാമിക രാഷ്ട്രമായല്ല ജിന്ന രൂപീകരിച്ചത് എന്ന വസ്തുതയാണ്. മറിച്ച്, ഉപഭൂഖണ്ഡത്തിലെ മുഴുവൻ മുസ്ലിംകളുടെയും അവകാശസംരക്ഷണമായിരുന്നു ജിന്നയുടെ ലക്ഷ്യം. എന്നാൽ ഇത്തരമൊരു രാഷ്ട്രീയ പശ്ചാത്തലത്തിലും പാക്കിസ്ഥാനിലെ മുല്ലമാർ വെറുതെയിരുന്നില്ല. ഒരു മുൻ പാക്ക്-പട്ടാള മേധാവി ഹസ്സൻ ഗുൽ തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇങ്ങനെ പറയുന്നു. "മുല്ലമാർക്ക് പാക്കിസ്ഥാനിലെ അവരുടെ പങ്ക് വ്യക്തമായറിയാം- നിഷ്കളങ്കരായ മതവിഭാഗങ്ങളെ തെറ്റായി നയിക്കുക എന്ന പങ്ക്." ഈ മുല്ലമാർ പാക്കിസ്ഥാൻ നിലവിൽ വരുന്നതിന് മുമ്പേ തന്നെ ഇസ്ലാമിന്റെ സന്ദേശവാഹകരാണ് തങ്ങളെന്ന് സ്വയം പ്രഖ്യാപിച്ചിരുന്നു. ഇതുമാത്രമല്ല 'ഖാഇദെഅഅ്സം' ജിന്നയെ 'കാഫിറെഅഅ്സം' എന്ന് വിളിച്ച് അധിക്ഷേപിക്കുകയും ചെയ്തിരുന്നു.

ചുരുക്കത്തിൽ രാഷ്ട്രീയപരമായി പ്രചോദിതരായ മുല്ലമാരുടെ മുന്നണിനേതാവായിരുന്നു അബുൽ അഅ്ലാ മൗദൂദി. 1954-ൽ നടന്ന അഹ്മദിയ്യാ വിരുദ്ധ കലാപത്തിന് മൗദൂദിയെ ഒരു പാക്ക്കോടതി വധശിക്ഷയ്ക്ക് വിധിച്ചു. പിന്നീടിത് ജീവപര്യന്തമായി വെട്ടിക്കുറച്ചു. അക്കാലത്ത് പാക്കിസ്ഥാനിൽ നടന്നതും ഇപ്പോൾ ബംഗ്ലാദേശിൽ നടക്കുന്നതുമായ അഹ്മദിയ്യാ വിരുദ്ധകലാപങ്ങളുടെ ഒരേ മാനസികാവസ്ഥയും ആശയപരമായ സമാനതയും ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. എന്തായാലും ഈ സമാനതകൾ ദേശീയ-അന്തർദേശീയ നിരൂപകർക്കിടയിൽ രാജ്യത്തിനോ ഗവർമ്മെന്റിനോ കാര്യമായ അംഗീകാരം എവിടെയും നേടിക്കൊടുക്കുന്നില്ല.

ആധുനികയുഗത്തിൽ, ബഹുമുഖമായ ജനാധിപത്യത്തിന് പകരം മൗദൂദി മുന്നോട്ടുവച്ചത് ഇസ്ലാമിക പൗരോഹിത്യമായിരുന്നു. രാഷ്ട്രീയ ഇസ്ലാമിനെ ജനാധിപത്യത്തിന് ഒരു ബദൽ എന്ന നിലയിൽ അദ്ദേഹം ഉയർത്തിക്കാട്ടി. മൗദൂദി ഇങ്ങനെ പറഞ്ഞു. "പാശ്ചാത്യ മതേതര ജനാധിപത്യത്തിനുള്ള മറുപടിയാണ് ഇസ്ലാം. പാശ്ച്യാത്യ ജനാധിപത്യത്തിന്റെ അടിസ്ഥാനം ജനങ്ങളുടെ പരമാധികാരമാണ്. അതിൽ നിയമനിർമ്മാണം ജനങ്ങളുടെ വിശേഷാധികാരവും, നിയമങ്ങൾ ജനങ്ങളുടെ അഭിപ്രായപ്രകടനവുമാണ്. ഇസ്ലാം ഇതിൽ നിന്ന് വിഭിന്നമാണ്. ഇസ്ലാം ജനങ്ങളുടെ പരമാധികാരം എന്ന സിദ്ധാന്തത്തെ ആകമാനം നിരാകരിക്കുന്നു. ഇസ്ലാമിൽ പരമാധികാരം ദൈവത്തിലും ഭരണാധിപന്മാരിലും (ഖിലാഫത്ത്) നിക്ഷിപ്തമാണ്.

മൗദൂദി തന്റെ ഭരണ

*(ശേഷം പേജ് 6 ൽ)*

*3-ാം പേജിൽനിന്ന്*

ബിൻ അവാം(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: കഴിഞ്ഞുകടന്ന ജനതകളുടെ അസൂയയുടേയും വെറുപ്പിന്റെയും രോഗം നിങ്ങളിൽ പിടിപ്പെട്ടിരിക്കുന്നു. ഇത് മുണ്ഡനം ചെയ്യുന്ന സാധനമാണ്. തല മുണ്ഡനം ചെയ്യുന്നതാണെന്ന് ഞാൻ പറയുന്നില്ല. മറിച്ച്, ഇത് ദീനിനെ മുണ്ഡനം ചെയ്യുന്നതാണ്. ആരുടെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ, നിങ്ങൾ വിശ്വസിക്കാത്തിടത്തോളം കാലം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹം ഉണ്ടാക്കാത്തിടത്തോളംകാലം സമ്പൂർണ്ണ സത്യവിശ്വാസിയാകുകയില്ല. ഞാൻ നിങ്ങൾക്ക് ഇതിനുള്ള മാർഗ്ഗം പറഞ്ഞുതരാം. പരസ്പരം സലാം പറയുക എന്നതാണത്.

ഇതും ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടതാണ്. അതായത്, പരസ്പരമുള്ള സലാം പറയൽ സ്നേഹം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. വായകൊണ്ട് സലാം പറയുകയും, പകയും വിദ്വേഷവും അസൂയയും ഉള്ളിൽവെച്ചുകൊണ്ട് മറ്റുള്ളവരുടെ വേരുകൾ മുറിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതല്ല. ഹൃദയം ഈ ഇരട്ടത്താപ്പിൽനിന്ന് പരിശുദ്ധവും പവിത്രവുമല്ലെങ്കിൽ, ആ ഹൃദയം പരിശുദ്ധമല്ല. അതിൽ പൂർണ്ണവിശ്വാസവുമില്ലെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. "ദുർവിചാരങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. കാരണം ദുർവിചാരം കഠിനതരമായ കളവാണ്. പരസ്പരം ന്യൂനതകൾ ചുഴിഞ്ഞുനോക്കരുത്. സഹോദരനെതിരിൽ ചാരവൃത്തി നടത്തരുത്. അതിമോഹം അരുത്. അസൂയപ്പെടരുത്. ശത്രുത പുലർത്തരുത്. അശ്രദ്ധയോടെ പെരുമാറരുത്. അല്ലാഹു കല്പിച്ചതുപോലെ അവന്റെ അടിയാന്മാർ പരസ്പരം സഹോദരന്മാരായി കഴിയുക. മുസ്ലിംകൾ പരസ്പരം സഹോദരങ്ങളാണ്. അവർ അക്രമം പ്രവർത്തിക്കുകയില്ല. അപമാനിക്കുകയില്ല. നിന്ദിക്കുകയുമില്ല. തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് നബി(സ) പറഞ്ഞു: "തഖ്വ ഇവിടെയാണ്. തഖ്വ ഇവിടെയാണ്."

അതായത്, തഖ്വയുടെ സ്ഥാനം ഹൃദയമാണ്. തഖ്വയുടെ ഏറ്റവും വലിയ സ്ഥാനം നബി (സ) തിരുമേനിയുടെ ഹൃദയമാണ്. നബി(സ) പറയുന്നു: "തന്റെ മുസ്ലിം സഹോദരനെ നിന്ദിച്ചാൽത്തന്നെ ഒരു മനുഷ്യൻ പാപിയാകും. ഒരു മുസ്ലിമിന്റെ മൂന്നുകാര്യങ്ങൾ മറ്റു മുസ്ലിമിന് നിഷിദ്ധമാണ്. അവന്റെ രക്തം, അഭിമാനം, സമ്പത്ത്. അല്ലാഹു നിങ്ങളുടെ ശരീരത്തിന്റെ സൗന്ദര്യത്തിലേക്ക് നോക്കുന്നില്ല. നിങ്ങളുടെ രൂപത്തേയും നിങ്ങളുടെ ധനത്തേയും നോക്കുന്നില്ല. അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയമാണ്."

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: "പരസ്പരം അസൂയപ്പെടരുത്. നിങ്ങളുടെ സഹോദരങ്ങൾക്കെതിരിൽ ചാരവൃത്തി നടത്തരുത്. മറ്റുള്ളവരുടെ ന്യൂനതകളിലേക്ക് ചുഴിഞ്ഞു നോക്കരുത്. ഒരാളുടെ കച്ചവടത്തിന്നെതിരിൽ (അത് നശിപ്പിക്കുന്നനിലയിൽ) നിങ്ങൾ കച്ചവടം ചെയ്യരുത്. നിങ്ങളെല്ലാം അല്ലാഹുവിന്റെ ആത്മാർത്ഥരായ ദാസന്മാരും പരസ്പരം സഹോദരന്മാരുമായി വർത്തിക്കുക."

ഈ ഉയർന്ന നിലവാരമാണ് ഒരഹ്മദിക്ക് ലഭിച്ചിരിക്കേണ്ടത്. തഖ്വയോടുകൂടി പ്രവർത്തിക്കണം. അതിന്റെ ഉന്നതമായ മാതൃക നബി (സ) നമ്മുടെ മുമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. പറഞ്ഞു: മറ്റുള്ളവരുടെ ന്യൂനത തപ്പിനടക്കരുത്. കാരണം അതുമുഖേന സമൂഹത്തിൽ കലഹങ്ങൾ ഉണ്ടാകും. സ്പർദ്ധകൾ ഉണ്ടാകും. അതുകൊണ്ട് ഇതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ആരിലെങ്കിലും ന്യൂനതയുണ്ടെങ്കിൽ തന്നെ അത് അന്വേഷിച്ചുനടക്കരുതെന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. ഒരഹ്മദിയുടെ ജോലിയാണ് പരസ്പരമുള്ള അഭിമാനത്തെ സംരക്ഷിക്കുകയെന്നത്. ഇത് മുസ്ലിംകൾക്ക് നിർബന്ധമാണ്. അല്ലാതെ അവനെ നിന്ദിക്കാനോ അപമാനിക്കാനോ പാടില്ല. (*ഖുത്ബ, 26.5.06*)

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

**(സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)**

## ഹസ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)

വാഗ്ദത്ത മസീഹിന്റെ ഒരു പ്രമുഖ സഹാബിയായിരുന്ന ഹസ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ) 1858-ൽ സിയാൽക്കോട്ടിൽ ജനിച്ചു. കരീംബക്ഷ് എന്നായിരുന്നു പേര്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പിന്നീട് അദ്ദേഹത്തിന്റെ പേര് അബ്ദുൽകരീം എന്നാക്കി മാറ്റി. പ്രാഥമികവിദ്യാഭ്യാസം പള്ളിയിൽ തന്നെയായിരുന്നു. പാർസിഭാഷയിൽ മികവ് പുലർത്തുകയും സിയാൽക്കോട്ട് അമേരിക്കൻമിഷനിൽ പാർസി അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ഇക്കാലഘട്ടം മുതൽതന്നെ അദ്ദേഹത്തിന് ഹക്കീം നൂറുദ്ദീൻ സാഹിബ് (ഖലീഫത്തുൽ മസീഹ് അവ്വൽ)(റ)മായി സുദൃഢമായ ബന്ധമുണ്ടായിരുന്നു. ഈ ബന്ധമാണ് പിന്നീട് അദ്ദേഹത്തെ ഹസ്റത്ത് മസീഹ് മൗഊദിന്റെ ചരണങ്ങളിൽ എത്തിച്ചത്.

1889 മാർച്ച് മാസത്തിലാണ് ഹസ്റത്ത് അഹ്മദ്(അ)മുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുന്നത്. അതേമാസം 23-ാം തിയ്യതി ബയ്അത്ത് ചെയ്തു എന്ന് കണക്കാക്കപ്പെടുന്നു. ബയ്അത്തിനെ സംബന്ധിച്ച് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) ഇങ്ങനെ നിവേദനം ചെയ്യുന്നു.

“ഹസ്റത്ത് മസീഹ് മൗഊദ്(അ) മൗലവി അബ്ദുൽ കരീം സാഹിബിന്റെ കൈ ഹക്കീം നൂറുദ്ദീൻസാഹിബിന്റെ കയ്യിൽ വെച്ചുകൊടുക്കുകയും രണ്ടുപേരുടേയും കൈകൾ തന്റെ കയ്യിൽ വെച്ചുകൊണ്ട് അബ്ദുൽ കരീം സാഹിബിനെ കൊണ്ട് ബയ്അത്ത് വാചകങ്ങൾ ചൊല്ലിപ്പിക്കുകയും ചെയ്തു.”

ഖാദിയാനിൽ വരുന്ന സമയത്ത് അദ്ദേഹം സയ്യിദ് അഹ്മദ് സാഹിബിന്റെ ചില ആശയാദർശങ്ങളാണ് വെച്ചുപുലർത്തിയിരുന്നത്. അത് സംബന്ധിച്ച് മസീഹ് മൗഊദ് (അ)മുമായുള്ള ചർച്ച ചിലപ്പോൾ വാദപ്രതിവാദങ്ങളിലേക്കെത്തിയിരുന്നു.



എന്നാൽ കാര്യങ്ങൾ ബോധ്യമായപ്പോൾ ഒരു ദിവസം ഹുസൂറിന്റെ സവിധത്തിൽവെച്ച് ഞാനിനി ഇത്തരം എല്ലാ കാര്യങ്ങളും ഉപേക്ഷിച്ചിരിക്കുന്നു എന്നുള്ളതിന് അങ്ങ് സാക്ഷിയായിരിക്കുക എന്ന് പ്രഖ്യാപിച്ചു. അതിനുശേഷം അദ്ദേഹം വാഗ്ദത്ത മസീഹിനെ അങ്ങേയറ്റം സ്നേഹിച്ചു. ഹസ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ ഈ സ്നേഹവായ്പിനേയും ആത്മാർത്ഥതയേയും ഇങ്ങനെ അനുസ്മരിക്കുന്നു. “അദ്ദേഹം നമ്മിൽ എത്രമാത്രം അലിഞ്ഞുചേർന്നുവെന്നാൽ നാം പകലിൽ ചന്ദ്രനെ കാണുന്നു, രാത്രിയിൽ സൂര്യനെ കാണുന്നു എന്ന് പറഞ്ഞാൽ അദ്ദേഹം എതിർക്കുമായിരുന്നില്ല. ഒരു വിഷയത്തിലും അദ്ദേഹം നമ്മെ എതിർക്കുകയോ വിയോജിപ്പ് പ്രകടിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല. എന്ന് മാത്രമല്ല അവ്വിധം പെരുമാറുന്നതിനെ കുഫ്റായി ഗണിക്കുകയും ചെയ്യുമായിരുന്നു.”

വളരെ നിഷ്കളങ്കാവസ്ഥയിൽ, ഭൗതികതയോട് പൂർണ്ണമായും വിരക്തി പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. ദീനിന്റെ അപമാനത്തിന് കാരണഹേതുവാണെന്ന് മനസ്സിലാക്കി മാസം 200 രൂപാ ശമ്പളമുള്ള ജോലിപോലും അദ്ദേഹം നിരസിക്കുകയാണുണ്ടായത്. വളരെ വിനയാന്വിതനായി ജീവിതം കഴിച്ചുകൂട്ടിയ അദ്ദേഹം അറബിഗ്രന്ഥങ്ങൾ മാത്രം നോക്കുവാൻ താല്പര്യം പ്രകടിപ്പിക്കുകയും ഇസ്ലാമിന്നെതിരിൽ ചെയ്യപ്പെടുന്ന അക്രമങ്ങളെ പ്രതിരോധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

തന്റെ ജീവിതം ദീനീ മാർഗ്ഗത്തിൽ പൂർണ്ണമായും വഖ്ഫ് ചെയ്ത അദ്ദേഹം ഖാദിയാനോട് വിടപറയാൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ ചില ബന്ധുക്കൾ സിയാൽകോട്ടിലുള്ള ഒരു കല്യാണത്തിൽ മൗലവി സാഹിബിനെ പങ്കെടുപ്പിക്കുന്നതിനായി ഖാദിയാനിൽ വരികയുണ്ടായി. സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെയും ഖാദിയാനെയും പിരിഞ്ഞിരിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. അതിനാൽ ആ ക്ഷണം അദ്ദേഹം സ്നേഹപൂർവ്വം നിരസിച്ചു. ഏതെങ്കിലും അഹ്മദി സഹോദരന്മാർ ഖാദിയാനിൽ വന്ന് തിരിച്ചുപോകാൻ അനുവാദം ചോദിക്കുമ്പോൾ ഇവിടെനിന്ന് തിരിച്ചുപോകുവാൻ ഇത്ര ധൃതി കാണിക്കരുത് എന്നദ്ദേഹം ഉപദേശിക്കാറുണ്ടായിരുന്നു. ഈ സമ്പൂർണ്ണ വിധേയത്വം അദ്ദേഹത്തെ ഏതവസ്ഥയിൽ എത്തിച്ചുവെന്ന് നോക്കുക. രോഗബാധിതനായി ശയ്യാവലംബിയായി കിടക്കുമ്പോൾ ഹസ്റത്ത് അഹ്മദ്(അ) തന്റെ അരുമശിഷ്യന് എഴുതുന്നു.

“സയ്യിദ് ഹാമിദ് ശാഹ് സാഹിബിൽനിന്നും താങ്കളുടെ രോഗവിവരം അറിഞ്ഞ് എത്രമാത്രം പ്രയാസം അനുഭവപ്പെട്ടുവെന്നുള്ളത് അല്ലാഹുവിന് മാത്രമേ അറിയൂ. അല്ലാഹു പ്രത്യേക കരുണ ചൊരിയട്ടെ. ഞാൻ സവിശേഷ ശ്രദ്ധയോടുകൂടി ദുആ ചെയ്യുന്നതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജമാഅത്തിൽ എനിക്കുവേണ്ടി ദൈവമാർഗ്ഗത്തിൽ ജീവിതം പൂർണ്ണമായും സമർപ്പിച്ച രണ്ടുപേരെ മാത്രമെ ഞാൻ കാണുന്നുള്ളൂ. ഒന്ന് താങ്കളും മറ്റൊന്ന് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബും. മൂന്നാമതൊരാൾ ജനിച്ചിട്ടില്ല.”

ജീവിതാവസാനംവരെ ഖാദിയാനിലെ പള്ളിയിൽ അഞ്ചുനേര നമസ്കാരത്തിനും ജുമുആക്കും ഇമാമായും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ, ലിഖിത, പ്രഭാഷണ ജിഹാദിൽ ഹുസൂറിന്റെ സഹായിയായും സേവനം അനുഷ്ഠിച്ചുപോന്നു. മികച്ച എഴുത്തുകാരനും ഗംഭീര പ്രസംഗകനും കൂടിയായിരുന്ന മൗലാനാ സാഹിബ് തന്നെയാണ് 'ഇസ്ലാം മതതത്വജ്ഞാനം' എന്ന ഹസ്റത്ത് അഹ്മദ്(അ)ന്റെ വിഖ്യാത ഉപന്യാസം സർവ്വമതസമ്മേളനത്തിൽ വായിച്ചുകേൾപ്പിച്ചത്. മാതൃകായോഗ്യമായ നേതൃത്വഗുണങ്ങളുണ്ടായിരുന്ന മൗലാനാ സാഹിബിനെ ഹസ്റത്ത് അഹ്മദ്(അ)മിനുണ്ടായ ഒരു വെളിപാടിൽ അല്ലാഹു 'മുസ്ലിംകളുടെ ലീഡർ' എന്നഭിസംബോധന ചെയ്യുകയുണ്ടായി. ആ സംഭവം ഇപ്രകാരമാണ്.

ഒരിക്കൽ അദ്ദേഹം തന്റെ ഭാര്യയോട് അല്പം കയർത്തു സംസാരിച്ചു. ഇതുസംബന്ധമായി ഹുസൂറിന് ഇൽഹാമുണ്ടായി. “ഇത് നല്ല രീതിയല്ല. ഇതിൽനിന്നും 'മുസ്ലിംകളുടെ ലീഡർ' അബ്ദുൽ കരീമിനെ തടയേണ്ടതാണ്. ആർദ്രത കൈകൊള്ളുക. ഇത് എല്ലാ നന്മകളുടേയും ശിരസ്സാണ്.”

തന്റെ പ്രിയശിഷ്യന്റെ വഫാത്തിനെക്കുറിച്ച് വളരെ വ്യക്തമായ നിലയിൽതന്നെ അല്ലാഹു ഹുസൂറിനെ അറിയിച്ചുകൊണ്ടിരുന്നു. എന്നിരുന്നാലും ഹുസൂർ അദ്ദേഹത്തിനുവേണ്ടി ഒരുപാട് ദുആ ചെയ്തുകൊണ്ടിരുന്നു. അവസാനം “47 വയസ്സ്, “ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ” തുടങ്ങിയ വെളിപാടുകളുടെ അടിസ്ഥാനത്തിൽ 47-ാമത്തെ വയസ്സിൽ തന്നെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മൗലാനാ സാഹിബിനെപോലുള്ള അഗ്രഗണ്യരായ പണ്ഡിതന്മാരുടെ വേർപാടാണ് മദ്രസ്സ അഹ്മദിയ്യാ സ്ഥാപിക്കാൻ ഹസ്റത്ത് അഹ്മദ്(അ)ന് പ്രചോദനമായത് എന്ന് അഹ്മദിയ്യാ ചരിത്രം മനസ്സിലാക്കിത്തരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. (ആമീൻ)



ഗോത്തൻബർഗിലെ (സ്വീഡൻ) നാസിർ ഫുതൂഹ് മസ്ജിദ്

# ബംഗ്ലാദേശ് സ്ഫോടന പരമ്പര- അന്വേഷണം ഇഴയുന്നു

ഏപ്രിൽ രണ്ടാംവാരം ബംഗ്ലാദേശിൽ നടന്ന ബോംബ്സ്ഫോടനങ്ങളെ പറ്റിയുള്ള അന്വേഷണം ഇഴഞ്ഞുനീങ്ങുന്നു. ഇതിനുപുറമേ മുൻവർഷങ്ങളിൽ നടന്ന ബോംബ് സ്ഫോടന പരമ്പരകളുടേയും അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയായിട്ടില്ല. 1999-ൽ ഇത്തരം ഒരു സ്ഫോടനം നടന്നത് ഖുൽന എന്ന സ്ഥലത്തുള്ള അഹ്മദിയ്യാ പള്ളിയിലായിരുന്നു. ഇതോടൊന്നിച്ചു തന്നെ നാരയൺഗഞ്ചിലെ അവാമിലീഗ് ഓഫീസ്, ബനിയാഗഞ്ച് ക്രിസ്ത്യൻ ചർച്ച്, പഹേല ബൈശാഖ് തുടങ്ങിയ ഇടങ്ങളിലും സ്ഫോടനങ്ങളുണ്ടായി. എന്നാൽ, 2005 ആഗസ്റ്റിൽ നടന്ന ബോംബ്സ്ഫോടന പരമ്പരയുടെ സൂത്രധാരന്മാരെ അറസ്റ്റ്ചെയ്യാൻ പോലീസിന് സാധിച്ചു. ഈ സ്ഫോടനങ്ങളുടെ പിറകിൽ നിരോധിക്കപ്പെട്ട 'ഹർക്കത്തുൽ ജിഹാദ്' എന്ന സംഘടനയ്ക്ക് കാര്യമായ പങ്കുണ്ടത്രെ. അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നത് ഇത്തരം ചില നിരോധിത സംഘടനകളാണ്. രാഷ്ട്രീയപാർട്ടികളുടെ സമ്മേളന നഗരികളിലും, സിനിമാശാലകളിലും സ്ഫോടനമുണ്ടാക്കുന്നത് ബംഗ്ലാദേശിൽ ഒരു തുടർക്കഥയാണ്. അന്വേഷണത്തിന്റെ അപര്യാപ്തതയും, കുറ്റവാളികളെ കണ്ടെത്താനുള്ള കഴിവുകേടും കാരണം ബംഗ്ലാസമൂഹത്തിൽ ഭീതി വളരുകയാണ്.

(*അവലംബം: ബംഗ്ലാദേശ് ഒബ്സർവർ*)

# അഹ്മദി ടാക്സി ഡ്രൈവർ കൊല്ലപ്പെട്ടു

കാനഡയിലെ ടൊറാന്റോയ്ക്കടുത്ത്വച്ച് ഒരഹ്മദി ടാക്സി ഡ്രൈവർ വധിക്കപ്പെട്ടു. കാനഡയിലേക്ക് കുടിയേറിയ ഒരു പാക്കിസ്ഥാൻ സ്വദേശിയായ മഹ്മൂദ് ഭട്ടിക്കാണ് ടൊറാന്റോയിലെ കോക്സ്വെൽ-ഡാൻഫോർത്ത് ഏവ്സ് എന്ന പ്രദേശത്തുവെച്ച് ജീവൻ നഷ്ടപ്പെട്ടത്. ഭട്ടിയുടെ ടാക്സിയിൽ യാത്ര ചെയ്യാനെന്ന വ്യാജേന യാണ് കൊലയാളികൾ എത്തിയത്. നഗരപ്രാന്തത്തിലൂടെയുള്ള യാത്രയ്ക്കിടയിൽ ഭട്ടിയെ മാരകമായി മുറിവേല്പിക്കുകയായിരുന്നു. കവർച്ചയായിരുന്നു കൊലയാളികളുടെ ലക്ഷ്യമെന്ന് കരുതപ്പെടുന്നു. പാക്കിസ്ഥാനിലെ സിയാൽക്കോട്ടിനടുത്തുള്ള 'ദസ്ക' എന്ന സ്ഥലമാണ് ഭട്ടിയുടെ സ്വദേശം. കുടുംബം ഇദ്ദേഹത്തോടൊപ്പം കാനഡയിൽ താമസിച്ചുവരികയായിരുന്നു. ഭാര്യയും നാല് കുട്ടികളുമാണ് ഹതഭാഗ്യനായ ഭട്ടിക്കുള്ളത്. ജോനാഥൻ ഫോർഡർ എന്ന മുപ്പത്തിയൊന്നുകാരനാണ് ഈ ക്രൂരകൃത്യം നിർവ്വഹിച്ചതെന്ന് പ്രാദേശിക പോലീസ് അധികാരികൾ പറയുന്നു. ഇയാൾ മോൺടിയോളിലേക്ക് കടന്നിരിക്കാമെന്ന് കരുതപ്പെടുന്നു.

അടുത്തകാലത്തായി കാനഡയിൽ ടാക്സി ഡ്രൈവർമാർക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുകയാണ്. ഡ്രൈവർമാരെ ആക്രമിച്ച് അവരുടെ കൈവശമുള്ള വസ്തുവകകൾ കൊള്ളയടിക്കുകയാണ് അക്രമികളുടെ പ്രധാന ലക്ഷ്യം. ടാക്സിഡ്രൈവർമാർക്ക് സുരക്ഷാഉപാധികൾ നല്കാനുള്ള ഏർപ്പാട് അധികൃതർ ചെയ്യണമെന്നത് കാനഡയിലെ ടാക്സി ഡ്രൈവർമാർ ഏറെക്കാലമായി ഉയർത്തുന്ന ഒരാവശ്യമാണ്. മഹ്മൂദ് ഭട്ടിയുടെ അകാലമൃത്യുവിൽ കാനഡാ അഹ്മദിയ്യാ ജമാഅത്ത് ദേശീയ പ്രസിഡന്റ് നസിം മഹ്ദി ദുഃഖം രേഖപ്പെടുത്തി. അധികൃതർ ഉടൻ ജാഗരൂകരാകണമെന്നും ഡ്രൈവർമാർക്കായി സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം അഹ്മദിയ്യാ സമൂഹത്തിലെ ഡ്രൈവർമാരോട് ജോലിയിൽനിന്ന് പിന്മാറാൻ ആവശ്യപ്പെടേണ്ടിവരുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. മഹ്മൂദ് ഭട്ടി ജമാഅത്തിന് നൽകിയ വലിയ സേവനങ്ങളെ മുൻനിർത്തി അദ്ദേഹത്തിന്റെ കബറടക്കവേളയിൽ കാനഡയിലെ അഹ്മദി മുസ്ലിം സമൂഹം അഞ്ജലിബദ്ധരായി പ്രാർത്ഥിച്ചു.

## ഖുർആൻ

“നിങ്ങളുടെ നാഥനോട് നിങ്ങൾ പാപമോചനത്തിനായി അർത്ഥിക്കുകയും അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുക. ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് അവൻ നല്ല സുഖസൗകര്യങ്ങൾ നൽകുകയും അർഹിക്കുന്ന യോഗ്യതയുള്ള എല്ലാ ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്, ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നപക്ഷം നിങ്ങളുടെ കാര്യത്തിൽ ഒരു ഭയാനകമായ നാളിന്റെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.” *(11:4)*

## നബിവചനം

“പുനരുത്ഥാന നാളിൽ എന്റെ ഏറ്റവും പ്രിയപ്പെട്ടവരും ഞാനുമായി ഏറ്റവും അടുത്തവരും, നിങ്ങളിൽവെച്ച് ഏറ്റവും നല്ല സ്വഭാവഗുണങ്ങളുള്ള വ്യക്തികളായിരിക്കും. പുനരുത്ഥാനനാളിൽ നിങ്ങളിൽവെച്ച് എനിക്ക് ഏറ്റവും വെറുക്കപ്പെട്ടവരും എന്നിൽനിന്നും വിദൂരസ്ഥരും, വിടുവായന്മാരും സൂക്ഷ്മതയില്ലാതെ ദീർഘനേരം സംസാരിക്കുന്നവരും അഹംഭാവികളുമായിരിക്കും. *(തിർമിദി)*

## യുഗശബ്ദം



എന്റെ ശിഷ്യവൃന്ദത്തിൽപെട്ടവർ എവിടെയായിരുന്നാലും ഈ ഉദ്ബോധനം ശ്രദ്ധാപൂർവ്വം ചെവിക്കൊള്ളണം. അവർ ഈ പ്രസ്ഥാനത്തിൽ ചേർന്നതും ഒരാത്മീയ മാർഗ്ഗദർശിയുമായി ബന്ധം സ്ഥാപിക്കുകയും ചെയ്ത് അവർ സൽസ്വഭാവത്തിന്റെയും സൽപെരുമാറ്റത്തിന്റെയും സാത്വികതയുടെയും ഉന്നതശ്രേണികളെ പ്രാപിക്കുമാറാകുന്നതിന് വേണ്ടിയത്രെ. യാതൊരു തെറ്റുകുറ്റവും കുസൃതിയും ദുസ്വഭാവവും അവരെ സമീപിക്കരുത്. അവർ അഞ്ചുനേരം നമസ്കാരം കൃത്യമായി അനുഷ്ഠിക്കണം. അവരൊരിക്കലും കളവ് പറയരുത്. അവരുടെ നാവുകൊണ്ട് ആരേയും വേദനിപ്പിക്കയുമരുത്. യാതൊരു തിന്മയും അവരിൽനിന്നുണ്ടാകരുത്. കുസൃതികളോ കുറ്റങ്ങളോ ക്രമക്കേടുകളോ കുഴപ്പങ്ങളോ സംബന്ധിച്ച യാതൊരു ചിന്തയും അവരുടെ മനോതലത്തിലൂടെ കടന്നുപോകരുത്. എല്ലാതരം പാപങ്ങളിൽനിന്നും അവിഹിതവൃത്തങ്ങളിൽനിന്നും പാതകങ്ങളിൽനിന്നും വികാരവിക്ഷോഭങ്ങളിൽനിന്നും മര്യാദകെട്ട പെരുമാറ്റങ്ങളിൽനിന്നും അവർ അകന്നുമാറിയിരിക്കണം. അവർ പരിശുദ്ധഹൃദയരും സർവ്വശക്തനായ ദൈവത്തിന്റെ വിനീതദാസരുമായിരിക്കണം. അവരിൽ യാതൊരു വിഷകൃമിയും വളരരുത്. അവർ തങ്ങളുടെ ജീവനും സ്വത്തും മാനവും സംരക്ഷിക്കുന്ന സർക്കാരിനോട് ആത്മാർത്ഥമായ അനുസരണവും കൂറും പുലർത്തണം. മനുഷ്യകുലത്തോടുള്ള സഹതാപം അവരുടെ തത്വദർശനമായിരിക്കണം. അവർ സർവ്വശക്തനായ ദൈവത്തെ ഭയപ്പെടണം. അവർ തങ്ങളുടെ നാവും കൈകളും ചിന്തകളും സകല അശുദ്ധികളിൽനിന്നും വഞ്ചനകളിൽനിന്നും സുരക്ഷിതങ്ങളാക്കിവെക്കണം. അഞ്ചുനേരത്തെ നമസ്കാരങ്ങളിൽ അവർ വീഴ്ചവരുത്താതെ പങ്കെടുക്കണം. എല്ലാതരത്തിലുള്ള തെറ്റുകളിൽനിന്നും പക്ഷപാതിത്വങ്ങളിൽനിന്നും ചതികളിൽനിന്നും കൈക്കൂലിയിൽനിന്നും അതിക്രമങ്ങളിൽനിന്നും അവർ വിട്ടൊഴിയണം. അവർ ദുഷിച്ചവൃത്തങ്ങളുമായി കൂട്ടുകൂടരുത്. ദൈവത്തിന്റെ കല്പനകളെ അനുസരിക്കാത്തവനുമായി നിരന്തരം ബന്ധപ്പെടുന്നവനും ഔദാര്യമുള്ള സർക്കാരിനോട് കൂറുപുലർത്താത്തവനും ജനങ്ങളുടെ അവകാശം ഗണ്യമാക്കാത്തവനും ക്രൂരനും കുഴപ്പക്കാരനും ദുർവൃത്തനും ദൈവത്തിന്റെ ദാസന്മാരെ ചതിക്കുവാൻ ശ്രമിക്കുന്നവനും അവരെ അധിക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്യുന്നവനും അവർ ബയ്അത്ത് പ്രതിജ്ഞയിൽ പ്രവേശിച്ചവരുമായി വഞ്ചന കാണിച്ചിരിക്കുന്നവനുമാണെന്ന് തെളിഞ്ഞിട്ടുള്ള ആളിൽനിന്നും അകന്നിരിക്കുകയും അങ്ങനെയുള്ള ആപൽക്കാരിയെ കയ്യൊഴിക്കുകയും ചെയ്യേണ്ടതാകുന്നു.

*(തബ്ലീഗെരിസാല)*

*വാർത്തകളിലൂടെ.......*

# സംവരണ വിരുദ്ധ കലാപം

മണ്ഡൽ രണ്ട് എന്ന പേരിൽ സംവരണവിരുദ്ധ സമരം ഉത്തരേന്ത്യയിൽ ശക്തിപ്പെടുന്നു. 90-കളിൽ മണ്ഡൽ റിപ്പോർട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചപ്പോൾ സംഭവിച്ചതുപോലെ വിദ്യാർത്ഥികൾ തന്നെയാണ് ഇപ്പോഴും രംഗത്തുള്ളത്. സമരം കൂടുതൽ രൂക്ഷമാകുമ്പോൾ ആശുപത്രികളും മറ്റും നിശ്ചലമാകുന്നു. കാരണം സമരത്തിന്റെ മുൻനിരയിലുള്ളത് മെഡിക്കൽ വിദ്യാർത്ഥികളും ജൂനിയർ ഡോക്ടർമാരുമാണ്. പ്രധാന രാഷ്ട്രീയകക്ഷികളൊന്നും ഈ സമരത്തിന് പിന്തുണ പരസ്യമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംവരണ നീക്കത്തെ വലുതായി അംഗീകരിക്കാൻ പല രാഷ്ട്രീയക്കാർക്കും ബുദ്ധിമുട്ടുണ്ട്.

2005 ആഗസ്റ്റ് 12-ന് സുപ്രീം കോടതി പ്രഖ്യാപിച്ച ഒരു വിധിന്യായം സ്വകാര്യ ന്യൂനപക്ഷ-ന്യൂനപക്ഷേതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം നീക്കം ചെയ്തതിലൂടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ഇതോടെ സ്വകാര്യസ്ഥാപനങ്ങളിൽ പിന്നോക്കക്കാർക്ക് സംവരണമേർപ്പെടുത്താനുള്ള നിയമനടപടികൾക്ക് കേന്ദ്ര ഗവർമ്മെന്റ് തുടക്കം കുറിച്ചു. 2005 ഡിസംബറിൽ പാർലമെന്റ് 93-ാം ഭരണഘടന ഭേദഗതിയിലൂടെ സംവരണവ്യവസ്ഥ നിലവിൽ കൊണ്ടുവന്നു. ഭരണഘടനയുടെ ആർട്ടിക്കിളിൽ 5-ാം ഉപഖണ്ഡമായി ചേർത്ത ഈ ഭേദഗതിയിലൂടെ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക് സമത്വത്തിനുള്ള അവകാശം ഉറപ്പുനല്കുന്നു. 2006 ജനുവരി 30 ഓടെ ഈ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ കേന്ദ്രവിദ്യാഭ്യാസ്ഥാപനങ്ങളിൽ സംവരണത്തിനുള്ള ഗവർമ്മെന്റ് ഉത്തരവ് നിലവിൽവന്നു. ഉന്നത സാങ്കേതിക സ്ഥാപനങ്ങളായ ഐ.ഐ.ടി, ഐ.ഐ.എം തുടങ്ങിയവയിലും ഇതനുസരിച്ച് സംവരണതത്വം പാലിക്കപ്പെടേണ്ടതുണ്ട്. ഇതാണ് വിദ്യാർത്ഥിപ്രക്ഷോഭത്തിന്റെ പശ്ചാത്തലം.

സംവരണത്തിന്റെ ശരിയും തെറ്റും വലിയ പ്രശ്നങ്ങളാണ്. എന്നാൽ ഇന്ത്യൻ പശ്ചാത്തലത്തിൽ ഈ പ്രശ്നം സംഘർഷത്തിനിടയാക്കുന്നത് ഗൗരവതരമായ കാര്യമാണ്. കാരണം വലിയ അജണ്ടകളുള്ള രാഷ്ട്രീയശക്തികൾ സംഘർഷത്തെ പെരുപ്പിക്കുകയാണ് വടക്കേന്ത്യയിൽ. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സംവരണം എത്രമാത്രം ഉപകരിക്കും എന്നത് ദേശീയ മാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ 90-കളിൽ നടന്ന മണ്ഡൽ വിരുദ്ധ രാഷ്ട്രീയം അനാവരണം ചെയ്തത് ചില ഞെട്ടിക്കുന്ന സത്യങ്ങളാണ്.

തൊട്ടുകൂടായ്മയും ഉച്ചനീചത്വവും നിലനില്ക്കുന്ന ഇന്ത്യൻ മനഃസ്ഥിതി സംവരണം പോലുള്ള സാമൂഹിക സമത്വ നീക്കങ്ങളെ സ്വീകരിക്കാൻ ഇനിയും പ്രാപ്തമായിട്ടില്ല. വരേണ്യവിഭാഗം ഇന്നും പിന്നോക്കവിഭാഗങ്ങളെ അംഗീകരിക്കാൻ വിമുഖമാണ്. ഈയ്യിടെ നടന്ന സംവരണവിരുദ്ധ പ്രക്ഷോഭത്തിൽ പങ്കെടുത്ത ഒരു വിദ്യാർത്ഥി തലമുറകളായി നിലനിൽക്കുന്ന സാമൂഹിക പിന്നോക്കാവസ്ഥയെ ഇല്ലാതാക്കാൻ തന്റെ ഭാവി കളയണോ എന്ന് ടി.വി ചാനലിലൂടെ ചോദിച്ചു. ഇതേവികാരം തന്നെ രക്ഷിതാക്കളും പങ്കിടുന്നു. കൂടാതെ സംവരണം വരുമ്പോൾ ‘മെറിറ്റിന്’ പ്രാമുഖ്യം നഷ്ടപ്പെടുമെന്ന് മറ്റുചിലരും അഭിപ്രായപ്പെടുന്നു.

ഈ അഭിപ്രായപ്രകടനങ്ങൾ കാണിക്കുന്നത് സംവരണത്തെ രാഷ്ട്രീയപ്രശ്നമാക്കി നിലനിറുത്തുകയും വരേണ്യവിഭാഗത്തെ പ്രീണിപ്പിച്ച് വലിയ രാഷ്ട്രീയനേട്ടങ്ങൾ കൈക്കലാക്കുകയും ചെയ്യുന്ന ഒരുവിഭാഗം നിലവിലുണ്ടെന്നാണ്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളിലൊക്കെയും ഈ വിഭാഗം ആളുകൾ സജീവമായുണ്ട്. സംവരണനയം മുന്നോട്ടുവെച്ച കേന്ദ്രമന്ത്രി അർജുൻസിംഗിനെതിരെ ആദ്യം രംഗത്തുവന്നത് അദ്ദേഹത്തിന്റെ പാർട്ടിക്കാർ തന്നെയെന്നത് ഇവിടെ പ്രസക്തമാണ്. 90-കളിൽ മണ്ഡൽ റിപ്പോർട്ടിന്റെ പേരിൽ വി.പി. സിംഗ് അധികാരഭ്രഷ്ടനായതും മറ്റൊന്നല്ല സൂചിപ്പിക്കുന്നത്. അതിനുശേഷം വലിയ ശക്തിപ്രാപിച്ച സംഘപരിവാർ ഈയവസരത്തിലും നല്ല പ്രതീക്ഷ പുലർത്തുന്നുണ്ട്. കാരണം ഉള്ളിന്റെയുള്ളിൽ അധികാരത്തിന്റെ ആധിപത്യം കാംക്ഷിക്കുന്നവരാണ് പരിവാർ ശക്തികൾ.

*(4-ാം പേജിൽനിന്ന്)*

കൂടത്തെയും നിയമവ്യവസ്ഥയെയും കുറിച്ചുള്ള വീക്ഷണം ഇസ്‌ലാമിക നിയമവും ഭരണഘടനയും എന്ന പുസ്തകത്തിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇസ്‌ലാമിക നിയമാനുസൃതമുള്ള രാഷ്ട്രീയ അധികാരത്തിന് ഭരണഘടനാനുസൃതമായ ഒരു നിയമ വ്യവസ്ഥ ആവശ്യമാണ്. ഇത്തരമൊരു ഭരണഘടനാ പരവും (Constitutional) ഭരണനിർവ്വഹണ പരവുമായ (Administrative) തത്വങ്ങളാണ് ശരിഅത്ത് പ്രദാനം ചെയ്യുന്നത്. ശരിഅത്തിന്റെ പ്രാധാന്യം മുഖവിലക്കെടുക്കുമ്പോൾ തന്നെ പല മുസ്‌ലിം പണ്ഡിതന്മാരും വ്യക്തികളുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും വ്യക്തിപരവുമായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനുള്ള അതിന്റെ സാധുതയെ ചോദ്യം ചെയ്യുന്നുണ്ട്. എന്തായാലും മൗദൂദിയുടെ കാഴ്ചപ്പാടനുസരിച്ച് പാശ്ചാത്യ ജനാധിപത്യത്തിനുള്ള മറുമരുന്ന് ഇത്തരമൊരു മൗലീകവാദപരമായ സംവിധാനമാണ്. യഥാർത്ഥത്തിൽ അഭിപ്രായ-വ്യക്തിസ്വാതന്ത്ര്യത്തിനുമതീതമായി തീവ്രദേശീയതയിൽ ഊന്നുന്ന ചിന്താഗതിയാണിവിടെ ചിത്രീകരിക്കപ്പെടുന്നത്. ലോകജനതയ്ക്ക്, പ്രത്യേകിച്ച് മുസ്‌ലിം ജനതയ്ക്ക് ഈ കാഴ്ചപ്പാട് എത്രമാത്രം സ്വീകാര്യമാണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ബംഗ്ലാദേശിനെ സംബന്ധിച്ചിടത്തോളം എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും മൗദൂദിയുടെ ആശയങ്ങളോട് യോജിപ്പില്ല. ഇവയിൽ ചിലത് അധികാരം ലഭിക്കുന്നതിന് പാശ്ചാത്യ ജനാധിപത്യം സ്വീകരിക്കുകയും ഭരണത്തിലെത്തിയാൽ ശരീഅത്ത് നിയമം നടപ്പിലാക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ബംഗ്ലാ ജമാഅത്തെ ഇസ്‌ലാമി പലപ്പോഴും ശരീഅത്ത് കേന്ദ്രീകൃത രാഷ്ട്രത്തിനു വേണ്ടി പരസ്യമായി വാദിക്കാറുണ്ട്. ഇവർക്ക് മതവും രാഷ്ട്രീയവും തമ്മിൽ വ്യത്യാസമില്ല. അടുത്തയിടെ മറ്റുചില കക്ഷികളും ഇതേ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

ഇത്തരം നിലപാടുകൾ ബംഗ്ലാദേശിലെ പാർലമെന്ററി ജനാധിപത്യത്തെയാണ് ബാധിക്കുന്നത്. ചില അപചൃുതികൾ ബാധിച്ചിട്ടുണ്ടെങ്കിലും ഇന്നും നിലനിൽക്കുന്ന ബംഗ്ലാ ജനാധിപത്യത്തെ ഈ കാഴ്ചപ്പാടുകൾ വികലമാക്കുന്നുണ്ട്. കൂടാതെ വിശ്വാസദാർഢ്യമുള്ളവരെങ്കിലും, മതേതര ചിന്താഗതി പുലർത്തുന്ന ബംഗ്ലാദേശ് ജനതയിലും ഈ ആശയങ്ങൾ സ്വാധീനം ചെലുത്തിയേക്കും. ഈയൊരു സാഹചര്യം, ബംഗ്ലാദേശിനെ ‘മുസ്‌ലിം ഭീകരവാദികളുടെ കേന്ദ്ര’മെന്ന് ആക്ഷേപിക്കുന്ന സ്വദേശികളും വിദേശികളുമായ ആളുകൾക്ക് സുവർണ്ണാവസരമാണ്. സെപ്തംബർ 11-ന് ശേഷമുള്ള അന്തർ ദേശീയ പരിതസ്ഥിതിയിൽ ഇത് തീർത്തും അപകീർത്തിയുളവാക്കുന്നതും ആകുലപ്പെടുത്തുന്നതുമാണ്. പൗരോഹിത്യം എന്നത് തീർത്തും അസംഭവ്യമായ ഒന്നാണ്.

ഇസ്‌ലാമിന്റെ പേരിൽ രാഷ്ട്രീയം കളിക്കുമ്പോൾ രാഷ്ട്രത്തിന്റെ ഗതിവിഗതികളെ തടസ്സപ്പെടുത്തുന്ന ഒരു രാഷ്ട്രീയ സംസ്കാരം ഉരുത്തിരിയുകയാണ്. ഈ രാഷ്ട്രീയ സംസ്കാരത്തിലൂടെ സാമാന്യമായ ജനപിന്തുണയോടുകൂടിയ എന്നാൽ അവഗണിക്കപ്പെടേണ്ടുന്ന ഒരുകൂട്ടം ആളുകൾ രാഷ്ട്രീയ അധികാരം പിടിച്ചെടുക്കാൻ സാധ്യതയുണ്ട്. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ സംഭവിക്കുന്നത് ഒരു ദുരന്തമാണ്. ഇതുപോലുള്ള മാധ്യമ കോളങ്ങളിലൂടെ ചിന്താശേഷിയുള്ള ജനങ്ങളോട് ആവശ്യപ്പെടുന്നത് പിൻവാതിലുകളിലൂടെ കയറിപ്പറ്റുന്ന ഇത്തരം നിക്ഷിപ്ത താല്പര്യക്കാരെ തിരിച്ചറിയുന്നതിനാണ്. ഈ അധാർമ്മിക ശക്തികൾ ലക്ഷ്യം നേടുന്നതിന് മുമ്പേ അവരെ ഉരുക്കുമുഷ്ടിയോടുകൂടി എതിർക്കുകയും, അടിച്ചമർത്തുകയും ചെയ്യേണ്ടത് ഗവർമ്മെന്റിന്റെ ചുമതലയാണ്.

ആഗോളരാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന അമേരിക്ക ബംഗ്ലാദേശിലെ ജനാധിപത്യത്തെ പലകുറി പ്രകീർത്തിച്ചി

*(ശേഷം പേജ് 7 ൽ)*


## പിന്നിട്ട നാളുകൾ

# സി.കെ. അലവി സാഹിബ്, വാണിയമ്പലം

സി.കെ. അലവി സാഹിബിന്റെ ഓർമ്മക ളിൽ ഒരു പഴങ്കഥ തെളിയുന്നു. ഹൃദയത്തിൽ, വിശ്വാസത്തിന്റെ ഗതി തിരിച്ചുവിട്ട ഒരുകാലം അദ്ദേഹത്തിന്റെ ഇന്നലെകളിലുണ്ട്. അഹ്മദിയായി മാറിയപ്പോഴുള്ള ബഹളങ്ങൾ... പ്രതിരോധങ്ങൾ... ഓർമ്മകളുടെ മഹാപ്രവാഹത്തിൽ അലവിസാഹിബ് ആർദ്രനാവുന്നു.

അലവി സാഹിബിന്റെ ഇന്നലെകൾ തുടങ്ങുന്നത് 1950 കളിലാണ്. യുവത്വം തുടിക്കുന്ന ഒരു ഇരുപത്തിയഞ്ചുകാരൻ. യാഥാസ്ഥിതികമായ ചുറ്റുപാടിൽ ഉള്ളിലെവിടെയോ ആത്മതേജസ്സിന്റെ വെളിപാട്. അന്വേഷണത്തിന്റെ അനിവാര്യത മനസ്സിലെവിടെയോ വിങ്ങുന്നുണ്ട്. മുജാഹിദ് പശ്ചാത്തലമുള്ള കുടുംബാംഗങ്ങളറിയാതെ അലവി സാഹിബ് കാത്തിരുന്നു,

ഒടുവിൽ 1951-ൽ കൊണ്ടോട്ടിക്കടുത്ത്വച്ച് ഒരു വാദപ്രതിവാദം നടന്നു. സുന്നി-മുജാഹിദ് വിഭാഗങ്ങൾ തമ്മിലാണ് തർക്കം. സുന്നികൾക്കു വേണ്ടി അബ്ദുൾഖാദർ മുസ്‌ലിയാർ, മുജാഹിദുകൾക്കായി ആലിപ്പറ്റ അലവി മൗലവി. വാദപ്രതിവാദം പൊടിപൊടിക്കുന്നു. തർക്കം മുറുകിയപ്പോൾ താർക്കികന്മാർ അഹ്മദിയ്യത്തിനെ സ്പർശിച്ചു. അപ്പോൾ വാദം ഇല്ലാതാകുന്നു, തർക്കം തീരുന്നു. സന്ധിയുണ്ടാകുന്നു. ഇരുകൂട്ടരും സമ്മതിച്ചത് ഒരേകാര്യം "ഖാദിയാനികൾക്കെതിരെ നമുക്ക് യോജിക്കണം." സദസ്യർക്കിടയിൽ ഒരഹ്മദിയുണ്ടായിരുന്നു- പഴയങ്ങാടിയിലെ ആലിക്കുട്ടി മൗലവി സാഹിബ്. അദ്ദേഹം അഹ്മദിയ്യത്തിനെപ്പറ്റി വിവരിക്കാൻ അവസരം ചോദിക്കുന്നു. ഇരു കൂട്ടരും ആലിക്കുട്ടി സാഹിബിന് വേദി നിഷേധിച്ചു. അലവിസാഹിബിന്റെ ഉള്ളിൽ പുതിയൊരു തേജസ്സ് ഉദിച്ചുയർന്നു. ഹൃദയത്തിൽ സത്യമാർഗ്ഗത്തിന്റെ ചീളുകൾ തറയ്ക്കുന്നു. ഒട്ടും വൈകിയില്ല അലവി സാഹിബ് ആലിക്കുട്ടി മൗലവിയെ കണ്ടു.



കൂടിക്കാഴ്ചയോടെ അലവി സാഹിബ് അനുഭാവിയാവുകയാണ്. അങ്ങനെയൊരിക്കൽ കരുളായിയിലെ കുഞ്ഞാലൻഹാജിയുമൊത്ത് കരുളായി ജമാഅത്തിൽ ജുമുആക്ക് എത്തിച്ചേർന്നു. അദ്ദേഹം തിരിച്ചെത്തുമ്പോഴേക്കും പത്തപ്പിരിയം ചുകന്നിരുന്നു. ക്രുദ്ധമായ നോട്ടങ്ങൾ. വഴിപിരിഞ്ഞവന്റെ നേരെയുള്ള കുശുകുശുപ്പ്. ചോദ്യങ്ങൾ, ഉത്തരങ്ങൾ, നാട്ടുകാർ കാര്യം ഗ്രഹിച്ചു. അലവിയുടെ വഴി വ്യത്യാസപ്പെടുകയാണ്. അത് അനുവദിച്ചു കൂടാ. എന്തു ചെയ്യും?

അലവിസാഹിബിന്റെ മുറിഞ്ഞുപോയ ഓർമ്മകളിൽ രസകരമായ ഒരേടുണ്ട്. തന്നെ ജമാഅത്തിൽ നിന്നും അകറ്റുന്നതിനുവേണ്ടി ചിലർ ചെയ്ത ഒരു പാഴ്‌വേല. അതൊരു നാടകമായിരുന്നു. അഭിനയിച്ച്, അഭിനയിച്ച് ഒടുക്കം കൂട്ടം തെറ്റിയവനെ കൂട്ടിലെത്തിക്കുന്ന സൂത്രവിദ്യ. ഈ നാടകത്തിന്റെ സൂത്രധാരന്മാർ കെ.സി. അബൂബക്കർ മുസ്‌ലിയാരും, അലവി മൗലവിയുമായിരുന്നു. കൂടെ അലവി സാഹിബിന്റെ അളിയൻ വീരാനുണ്ണിയും. നാടകകർത്താക്കളുടെ പദ്ധതിയനുസരിച്ച് അബൂബക്കർ മൗലവിയും അലവി മൗലവിയും അഹ്മദിയ്യത്തിനെതിരെ സംസാരിക്കും. ഇതിനൊപ്പം അഹ്മദി എന്ന വ്യാജേന വീരാനുണ്ണി പങ്കുചേരും. അഹ്മദിയ്യത്തിനുവേണ്ടി വാദിച്ച് വാദിച്ച് വീരാനുണ്ണി സ്വയം തോൽക്കും. അപ്പോൾ അലവിസാഹിബ് തിരിച്ചുവരും. നാടകം ഇപ്രകാരമായിരുന്നു. ഇതനുസരിച്ച് അഹ്മദിയ്യത്തിനെ വാദിച്ച്, വാദിച്ച് കുഴിയിൽചാടിക്കുവാൻ വീരാനുണ്ണി തയ്യാറെടുത്തു. അതിനായി അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങൾ ഉഷാറായി വായിച്ചു തുടങ്ങി. ഒടുക്കം നാടകം അരങ്ങേറി. എന്നാൽ കാര്യം സൂത്രധാരന്മാരുടെ കൈവിട്ടുപോയി. വായിച്ചും, വാദിച്ചും വീരാനുണ്ണി പറഞ്ഞത് ജമാഅത്തിന് അനുകൂലമായി മാത്രം. മൗലവിമാർ വിയർത്തു. അവർ വീരാനുണ്ണിയുടെ നേർക്കു തിരിഞ്ഞു, നാടകം അലസി. അലവിസാഹിബിന്റെ ജീവിതം പിന്നെ ജമാഅത്തിന്റേതാകുന്നു. അങ്ങനെ 1951 -ൽ അലവി സാഹിബ് ബയ്അത്ത് ചെയ്യുന്നു.

കാലം നിത്യതയിലേക്ക് നീങ്ങുമ്പോൾ ഇന്നലെകൾ വിലപ്പെട്ടതാകുന്നു. അലവി സാഹിബിന്റെ സ്മരണകളിൽ മറ്റൊരു കഥ തെളിയുന്നു... ജമാഅത്തിനെ നശിപ്പിക്കാൻ എടവണ്ണയിൽ അഞ്ച് മൗലവിമാരെത്തുന്നു. ലക്ഷ്യം 'ഫത്‌വ'. അഹ്മദികളെ പള്ളിയിൽ കയറ്റരുതെന്ന് നാട്ടിലാകെ ഫത്‌വയിറക്കണം- അതാണ് മൗലവിമാരുടെ ഉന്നം. എന്നാൽ നാട്ടുകാർ രണ്ടുതട്ടിലായി. മൗലവിമാർക്ക് ഫത്‌വ ഇറക്കാൻ പറ്റിയില്ല. തീരുന്നില്ല, എം.സി.സി. മൗലവി എന്നയാൾ സ്വന്തം നിലയിൽ തന്നെ ഒരു ഫത്‌വ ഇറക്കുന്നു. ഖാദിയാനികൾ ആപത്കാരികളെന്ന മട്ടിൽ. എന്നാൽ നാട്ടുകാർ വലുതായൊന്നും സഹകരിച്ചില്ല. ഫത്‌വ അതിന്റെ പാട്ടിനു പോയി; കൂടെ അച്ചടിച്ചിറക്കിയ മൗലവിയും.


പിന്നീടൊരിക്കൽ ജമാഅത്തിനെതിരെ കമ്മു മൗലവിയും കൂട്ടരും ആഞ്ഞടിച്ചു. ഇതിനെതിരെ അലവിസാഹിബ് പ്രതികരിച്ചു. വിരോധികളുടെ സ്റ്റേജിൽ കയറാൻ അദ്ദേഹം അനുവാദം ചോദിച്ചു. ഖാദിയാനിക്ക് ഞങ്ങളുടെ സ്റ്റേജോ? നിഷേധികളുടെ ശബ്ദം കൂട്ടി. പക്ഷേ, നാട്ടുകാർ ക്ഷുഭിതരായി. സ്റ്റേജ് കൊടുത്തേ മതിയാകൂ എന്നായി അവർ. അലവി സാഹിബ് സ്റ്റേജിൽ കയറുമ്പോൾ പേരൂർ സാഹിബ് എന്നൊരു പ്രമാണിയും സ്റ്റേജിലെത്തി. ഉദ്ദേശ്യം ഒന്നേയുള്ളൂ. ഖാദിയാനിയെ തല്ലണം. അടി തുടങ്ങി. കൊണ്ടതുമുഴുവൻ അഹ്മദി വിരുദ്ധർക്ക്. നാട്ടുകാർ പറ്റിച്ചപണി.

എൺപതുകളിലെത്തി നിൽക്കുന്ന സി.കെ. അലവി സാഹിബ് ക്ഷീണിതനാണ്. എന്നാൽ കനലൊടുങ്ങാത്ത ഇന്നലെകളുടെ ഓർമ്മകൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ തീക്ഷ്ണമാകുന്നുണ്ട്. അലവി സാഹിബിന്റെ ത്യാഗത്തിൽനിന്നാണ് പത്തപ്പിരിയം, വാണിയമ്പലം മസ്ജിദുകൾ ഉയരുന്നത്. പത്തപ്പിരിയത്തെ ഖബർസ്ഥാനും അദ്ദേഹത്തിന്റെ വകയായുള്ള സ്ഥലമായിരുന്നു. ജമാഅത്തിന്റെ ഒട്ടേറെ പ്രസിദ്ധീകരണങ്ങൾക്ക് അലവി സാഹിബ് സാമ്പത്തികപിന്തുണ നല്കിയിട്ടുണ്ട്. ഇപ്പോൾ അലവിസാഹിബിന്റെ മനസ്സിൽ ഒരു തലോടലുണ്ട്. കാര്യം, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ പെട്ടവരത്രെ പത്തപ്പിരിയം- വാണിയമ്പലം ജമാഅത്തുകളിൽ ഏറെയുള്ളത്. അനഹ്മദിയായി തുടർന്നത് സ്വസഹോദരി മാത്രം. എന്നാൽ അവരുടെ പേരക്കിടാവും കുടുംബവും പിന്നീട് അഹ്മദികളായി മാറി. ധന്യമായ ഒരു ജീവിതത്തിന്റെ സാഫല്യമാണ് അലവി സാഹിബിനുള്ളത്.

(6-ാം പേജിൽ നിന്ന്)

ട്ടുണ്ട്. കൂടാതെ അതിന്റെ നിലനില്പിന്നാവശ്യമായ എല്ലാ സാഹചര്യങ്ങളും വാഗ്ദാനം ചെയ്തിട്ടുമുണ്ട്. ജനാധിപത്യമെന്നത് കല്ലിൽ കൊത്തിവെക്കപ്പെട്ട ഒരു നിർവചനം മാത്രമല്ല, മറിച്ച്, ഒരു സമൂഹത്തിന്റെ പാരമ്പര്യത്തേയും, സംസ്കാരത്തേയും പുഷ്ടിപ്പെടുത്തേണ്ടുന്ന ഒന്നാണ്. ബംഗ്ലാദേശിന്റെ പാരമ്പര്യവും സംസ്കാരവും ബംഗ്ലാദേശി സമൂഹത്തിന്റെ ചഞ്ചലസ്വഭാവവും ജനാധിപത്യത്തെ പലപ്പോഴും വികലവും അസ്വീകാര്യവുമാക്കി തീർത്തിട്ടുണ്ട്. സാഹചര്യങ്ങളെ ക്രിയാത്മകമാക്കേണ്ടത് രാഷ്ട്രീയനേതാക്കൾ തന്നെയാണ്. അവസരവാദികൾക്കോ ദന്തഗോപുരവാസികൾക്കോ ഇതിൽ വലിയ പങ്കൊന്നുമില്ല. രാഷ്ട്രത്തിന്റെ പരമമായ ലക്ഷ്യം ഉദാരമായ ജനാധിപത്യത്തിന്റെ പുരോഗതിയാണ്. പൗരോഹിത്യത്തിനും, രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടുകൊണ്ടുവരുന്ന ഇരുണ്ടശക്തികൾക്കും രാഷ്ട്രപുരോഗതിയിൽ സ്ഥാനമൊന്നുമില്ല. ഇക്കാര്യത്തിൽ ബംഗ്ലാദേശിലെ പ്രധാന കക്ഷികളായ ബിഎൻപിയും അവാമിലീഗും കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. കാരണം ഇവർ തമ്മിലുള്ള അഭിപ്രായവ്യത്യാസം എത്രകണ്ട് വർദ്ധിക്കുന്നുവോ അത്രകണ്ട് ജനവിരുദ്ധരായ ആളുകൾ ശക്തിപ്പെടുകയാണ്.

(ഇത് ബംഗ്ലാദേശിലെ 'ദ നേഷൻ' പത്രം പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിന്റെ സ്വതന്ത്രപരിഭാഷയാണ്.)



കേരളാ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിദ്ധീകരണ വിഭാഗം സദർ ആയി പ്രഫ. മഹ്മൂദ് അഹ്മദ് സാഹിബിനെ നാസിർ നശ്‌റോ ഇശാഅത്ത് നിയമിച്ചു. ഇദ്ദേഹത്തിന്റെ കൂടെ പ്രസിദ്ധീകരണവിഭാഗം അംഗങ്ങളായി ബി.ബി. അഹ്മദ് കബീർ (സെക്രട്ടറി), പി.പി. നാസിറുദ്ദീൻ, പി.എം. ബശീർ, എ.എം. സലീം എന്നിവരെയും നിയമിച്ചു.

## സൗത്ത് കേരളാഅത്ഫാൽ ക്യാമ്പ്

**എറണാകുളം മെയ് 21:** മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ത്രിദിന ക്യാമ്പ് എറണാകുളത്ത് വിജയകരമായി സമാപിച്ചു. സൗത്ത് കേരളാ ഖാഇദ് ടി.കെ അബൂബക്കർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ മൗലവി നാസിർ അഹ്മദ് സാഹിബ് ജനാബ് അബ്ദു സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു. വിജയികൾക്കുള്ള സമ്മാനദാനം ജോസഫ് സാദിഖ് സാഹിബ് നിർവ്വഹിച്ചു. മെയ് 19 ന് ആരംഭിച്ച ക്യാമ്പ് ഉദ്ഘാടനം ചെയ്തത് എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ആയിരുന്നു. ക്യാമ്പിൽ അമ്പത്തിരണ്ടോളം അത്ഫാലുകൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് പീറ്റർ ജോൺ, റഹീം അപ്പാഞ്ചിറ ഫൂആദ് അബ്ദുൽ ജലീൽ, മൗലവി മൻസിൽ സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. ക്യാമ്പിന്റെ ഭാഗമായി വിവിധ മത്സരങ്ങളും എറണാകുളം മറൈൻ ഡ്രൈവിൽ ബോട്ടിംഗും ഉണ്ടായിരുന്നു. എറണാകുളം ജമാഅത്തിലെ ഖാദിമുകളും അൻസാറുകളും സജീവമായി ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് മൗലവി ശഫീഖ്, അൻസാർ, മുബശ്ശിർ മുഹമ്മദ് നജീബ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.



എറണാകുളം മേഖലാ അത്ഫാൽ ക്യാമ്പിനെ അഭിസംബോധന ചെയ്തുകൊണ്ട് ബി.ബി. അഹ്മദ് കബീർ സാഹിബ് സംസാരിക്കുന്നു.

## വാർത്തകളും ലേഖനങ്ങളും ക്ഷണിക്കുന്നു

അൽഹഖിലേക്ക് ലേഖനങ്ങളും മജ്‌ലിസ് വാർത്തകളും ക്ഷണിക്കുന്നു. ലേഖനങ്ങൾ മടക്കിക്കിട്ടേണ്ടവർ മറുപടി കവർ അയക്കേണ്ടതാണ്. അൽഹഖിനെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയക്കേണ്ട വിലാസം :

**ശംസുദ്ദീൻ,**
**റീജിയണൽ ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്,**
**തോട്ടട (പി.ഒ)**
**കണ്ണൂർ - 670007**

## ഖാഇദുമാർ ശ്രദ്ധിക്കുക

**2006 ലെ ഖുദ്ദാമുൽ അഹ്മദിയ്യാ ദീനീ പരീക്ഷയുടെ ഭാഗമായുള്ള മോഡൽ പരീക്ഷ ജൂൺ 18 ന് നടത്തേണ്ടതാണ്. ചോദ്യ പേപ്പർ ഉടനെ തന്നെ അയച്ചു തരുന്നതായിരിക്കും. ഇ.അ.**

**തഅ്‌ലീം സെക്രട്ടറി**

**പരീക്ഷാ സിലബസ് ഒരിക്കൽ കൂടി അറിയിക്കുന്നു.**

## ഖുദ്ദാമുൽ അഹ്മദിയ്യാ പരീക്ഷാ സിലബസ്

**ഗ്രൂപ്പ് - 1** (15 - 20 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**തർജ്ജമ**
**മനഃപാഠം -** സൂറത്ത് ബഖറയുടെ അവസാന റുകൂഅ് സൂറത്തുൽ ആലിംറാൻ - 191-195 വരെയുള്ള ആയത്തുകൾ.
**നമസ്കാരം -** മുഴുവൻ അർത്ഥസഹിതം
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലിവരെ ചൊല്ലാൻ ഹുസൂർ കൽപ്പിച്ച ദുആകൾ അർത്ഥ സഹിതം.
**പുസ്തകം-** മഹ്ദി ഇമാം വെളിപ്പെട്ടു

**ഗ്രൂപ്പ് - 2** (21 - 30 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**വിശുദ്ധ ഖുർആൻ തർജ്ജമ -** സൂറത്തുൽ ബലദ് മുതൽ സൂറത്തുൽ ഇൻശിറാഹ് വരെ
**മനഃപാഠം-**സൂറത്തുസ് സ്വഫ്ഫ്
**നമസ്കാരം-** മുഴുവൻ അർത്ഥസഹിതം
**ദുആകൾ -** 2008 ഖിലാഫത്ത് ജൂബിലി വർഷം വരെ ഹുസൂർ ചൊല്ലാൻ കൽപിച്ച ദുആകൾ മുഴുവൻ അർത്ഥ സഹിതം
**പുസ്തകം-** ഈസാനബി(അ)യുടെ മരണം

**ഗ്രൂപ്പ് - 3** (31 - 40 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**തർജ്ജമ-** സൂറത്തുൽ മുഅ്മിനൂൻ, സൂറത്തുന്നൂർ
**മനഃപാഠം -** സൂറത്തുൽ കഹ്ഫിലെ അവസാന റുകൂഅ്
**നമസ്കാരം-** മുഴുവൻ അർത്ഥസഹിതം
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലിവരെ ചൊല്ലാൻ ഹുസൂർ കൽപ്പിച്ച ദുആകൾ അർത്ഥ സഹിതം
**പുസ്തകം-** പ്രവാചകത്വം ഖുർആനിൽ

# ലോകം കാൽപന്തിലേക്ക്

**സ്പോർട്സ് ലേഖകൻ**

ജൂൺ ഒമ്പതോടെ ലോകം ഫുട്ബോൾ ലഹരിയിലാഴുന്നു. കാലിൽ ജാലവിദ്യയുടെ മായികതയും ചലനങ്ങളിൽ ഹൃദയം നിലക്കുന്ന ആവേശവുമായി ഫുട്ബോൾ മാന്ത്രികർ അരങ്ങത്തെത്തുകയായി. സാംബാ നൃത്തച്ചുവടുകളുടെ ലാസ്യതയുള്ള ബ്രസീൽ ഇത്തവണയും കിരീടം നിലനിർത്തുമോ എന്ന് ലോകത്തെമ്പാടുമുള്ള കളി ഭ്രാന്തന്മാർ ഉറ്റുനോക്കുന്നു. പന്തുകളിയിൽ നാടിന്റെ വിശ്വാസവും സംസ്ക്കാരത്തിന്റെ ആരൂഢവും കണ്ടെത്തുന്ന ഫുട്ബോൾ ജ്വരം ലോകമെമ്പാടും പടർന്നു കഴിഞ്ഞു. ജർമ്മനിയിലെ ലോകകപ്പിനായി ഉറങ്ങാത്ത മനസ്സും ശരീരവുമായി ജനകോടികളാണ് കാത്തിരിക്കുന്നത്.

ജർമ്മനിയിൽ നടക്കുന്ന ലോകകപ്പിന് കായിക ചിന്തകർ വലിയ പ്രത്യേകതകൾ കല്പിക്കുന്നു. പുതിയ രാജ്യങ്ങൾ, പുതിയ താരങ്ങൾ......... പന്തടക്കവും വേഗവും പുതിയ മാനങ്ങളിലെത്തുമ്പോൾ ജർമ്മനി-2006 ആവേശകരമാവുമെന്നുറപ്പ് ഇതോടൊപ്പം ഫുട്ബോളിൽ സംഭവിക്കുന്ന മാറ്റങ്ങളും ശ്രദ്ധിക്കപ്പെടുന്നു. ലാറ്റിനമേരിക്കയുടെ വശ്യത പതിയെ വഴിമാറുന്നതും യൂറോപ്പിന്റെ ടോട്ടൽ ഫുട്ബോൾ കൂടുതൽ ശക്തിസംഭരിക്കുന്നതും ഈ മാറ്റങ്ങളുടെ ഭാഗം തന്നെ. ലോകകപ്പിലെത്തുന്ന ടീമുകൾ വൈജാത്യം കൊണ്ട് ശ്രദ്ധാർഹമാണ്. പതിവ് പാരമ്പര്യങ്ങൾ വിട്ട് പുതിയ കേളീ ശൈലികൾ നിരത്തുന്ന ഈ രാജ്യങ്ങൾ ഫുട്ബോളെന്ന ജനകീയ വിനോദത്തിന്റെ അനിശ്ചിതത്വം ഉയർത്തിക്കാണിക്കുന്നുണ്ട്.



ഇത്തവണ അജയ്യന്മാരായി ആരുമില്ല. നിലവിലുള്ള ചാമ്പ്യന്മാരായ ബ്രസീൽ തന്നെ മുൻഗണനാ പട്ടികയിൽ ആദ്യം വരുന്നു. സാംബാ താളവും ആക്രമണാത്മക ഫുട്ബോളിന്റെ സൗന്ദര്യവും ഒത്തിണങ്ങുന്ന ബ്രസീലിയൻ ടീം ഇപ്പോഴും (എപ്പോഴും) താരനിബിഡം തന്നെ. റോണാൾഡോ, റോണാൾഡീഞ്ഞോ, കഫു തുടങ്ങിയ പ്രഗത്ഭരുടെ പടയാണത്. ഹൃദയത്തിലും ഞരമ്പുകളിലും ഫുട്ബോൾ ജ്വലിക്കുന്നവരാണ് ബ്രസീൽ ജനത. ജർമ്മനിക്ക് ഇത്തവണ ഹോം ടീം എന്ന മുൻതൂക്കമുണ്ട്. ജർമ്മൻ നിരയിൽ ക്ലോസ്, ബല്ലക്ക് എന്നിവരാണ് ശ്രദ്ധിക്കപ്പെടുന്നത്. ഇറ്റലി വരുന്നത് ലൂക്കാട്ടോണി എന്ന പുതിയ കണ്ടുപിടുത്തവുമായാണ്. കൂടെ ദൽപിയറോവുമുണ്ട്. ഫ്രാൻസിന്റെ ഹൃദയത്തിൽ ഇന്നും സിദാൻ നിറഞ്ഞിരിക്കുന്നു. ബക്കാം, ഓവൻ, റൂണി, വാൽക്കോട്ട് തുടങ്ങിയ സൂപ്പർതാരങ്ങൾ ഇംഗ്ലണ്ടിന്റെ ചേരിയിൽ അണിനിരക്കുന്നു.

ലാറ്റിനമേരിക്കൻ ഫുട്ബോളിന്റെ വശ്യത ബ്രസീലിന്റേത് മാത്രമല്ല. ഫിഫാ കപ്പിന്റെ നേരവകാശം അർജന്റീനക്കുമുണ്ട്. ലേണൽ മെസ്സി എന്ന പുതിയ താരോദയമാണ് അർജന്റീനയുടെ ശ്രദ്ധാകേന്ദ്രം. ലാറ്റിനമേരിക്കയുടെ വിഹ്വലമായ സംസ്കൃതിയിൽനിന്ന് വേറെയും ടീമുകളെ കാണാം. പരാഗ്വേ, കോസ്റ്ററിക്ക, മെക്സിക്കോ, ഉക്വഡോർ തുടങ്ങിയ ഈ രാജ്യങ്ങൾ കാൽപന്തിന്റെ തീക്ഷ്ണ പ്രതീകങ്ങളത്രേ. ഇത്തവണ ആഫ്രിക്കയിൽനിന്ന് കറുപ്പിന്റെ ശക്തിയും ചാരുതയുമായി ഫുട്ബോൾ മൈതാനികളിൽ അലറി വിളിക്കുന്നത് പുതിയ ടീമുകളാണ്. ഫുട്ബോളിൽ ആഫ്രിക്കയുടെ പ്രതാപികളായ കാമറൂണും സെനഗലും ഇത്തവണ ലോകകപ്പിനെത്തുന്നേയില്ല. പകരം ഘാന, ടോംഗോ, അംഗോള, ഐവറി കോസ്റ്റ്, ട്രിനിഡാഡ് ആന്റ് ടുബാഗോ തുടങ്ങിയ നവശക്തികളാണ് ഇടിമിന്നലുതിർക്കാൻ ജർമ്മനിയിലെത്തുന്നത്. ആഫ്രിക്കൻ താരങ്ങളുടെ കായികശേഷി ഇതര രാജ്യങ്ങളെ ഭയപ്പെടുത്തുന്നു. ഏഷ്യയിൽനിന്ന് ഇറാനും സൗദിയും ജപ്പാനും കൊറിയയും ജർമ്മനിയിൽ ഒരു കൈ നോക്കുന്നു.

ചുരുക്കത്തിൽ ജൂൺ മാസത്തിലെ മൺസൂൺ രാപ്പകലുകൾ ഫുട്ബോൾ ജ്വരത്തിലേക്കാഴുകയാണ്. ദേശീയതകൾക്കും വിശ്വാസങ്ങൾക്കും അതീതമായ ഒരു വികാരമാണ് ഫുട്ബോൾ. ഫുട്ബോൾ ജനഹൃദയങ്ങളുടെ സ്പന്ദനമാണ്. ഈ വികാരത്തിന്റെ സമൂർത്തമായ ആവിഷ്ക്കാരമാണ് ജർമ്മനിയിൽ സംഭവിക്കുന്നത്. എന്തായാലും ജൂൺ മാസത്തിൽ ഫുട്ബോൾ പ്രണയത്തിന്റെ രസതന്ത്രത്തിന് ലോകം അതിന്റെ മാനസം കൊടുത്തിരിക്കുന്നു.

## ടി.കെ. അബൂബക്കർ സാഹിബ് സൗത്ത് ഇലാഖാ ഖാഇദ്



**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളയുടെ സൗത്ത് ഇലാഖാ ഖാഇദായി ടി.കെ. അബൂബക്കർ സാഹിബിനെ നിയോഗിച്ചതായി സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് അറിയിച്ചു. 2005-06 വർഷത്തേക്കാണ് നിയമനം. ടി.കെ. അബൂബക്കർ സാഹിബ് നിരീശ്വരവാദം ഉപേക്ഷിച്ച് 1989-ലാണ് അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നത്. പള്ളുരുത്തി ജമാഅത്തിലെ ഇപ്പോഴത്തെ പ്രസിഡന്റാണ് ഇദ്ദേഹം.

## ഹുസൂർ പര്യടനത്തിന്........

ലണ്ടൻ-ജൂൺ 3: ഇന്നു മുതൽ ഖലീഫത്തുൽ മസീഹ് ഖാമിസ് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു..) യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ പര്യടനത്തിന് പുറപ്പെടുന്നു. ജർമ്മനി, ഹോളണ്ട്, ബെൽജിയം എന്നീ രാജ്യങ്ങളിൽ ഇജ്തിമാഉം ജലസയും സംഘടിപ്പിച്ചിട്ടുണ്ട്.

## വാഗ്ദത്തമസീഹ്(അ) പറയുന്നു.....

'എത്രത്തോളം മനുഷ്യൻ തന്റെ ആത്മാവിനെ അല്ലാഹുവിലേക്ക് കുനിയുന്നതിനായി പ്രേരിപ്പിച്ചു കൊണ്ടിരിക്കുമോ അത്രത്തോളം അവൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവനായിരിക്കും. ഇഹലോകവുമായി ബന്ധപ്പെട്ട ഈ ചെറിയ ചെറിയ കാര്യങ്ങൾ ഇന്ദ്രീയാശകൾ, പേരും പെരുമയും, ദേഷ്യം, അസൂയ, കളവ് തുടങ്ങി എല്ലാ ദോഷങ്ങളും അകന്നുപോകുന്നതാണ്.'

*വാഗ്ദത്തമസീഹ് (അ)*

## മജ്‌ലിസ് ആമില 2005–06
## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള

**സൗത്ത് കേരള ഇലാഖ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരവാഹികളായി താഴെപറയുന്നവരെ അഖിലേന്ത്യാ സദർ ശുഐബ് അഹ്മദ് സാഹിബ് നിശ്ചയിച്ചിരിക്കുന്നു.**

| നമ്പർ | പദവി | പേര് | ഫോൺ |
|---|---|---|---|
| 1. | ഖായിദ് | ജ: ടി.കെ അബൂബക്കർ | 9447000668 |
| 2. | നായിബ് ഖായിദ് | ജ: നജീബ്. ഇ എച്ച്. | 9895426027 |
| 3. | മുഅത്തമിദ് | ജ: തയ്യിബ്. ടി ഹമീദ് | 9446739728 |
| 4. | നാസിം തജ്നീദ് | ജ: മുബാറക്ക് അഹ്മദ് | 9446441535 |
| 5. | നാസിം ഇശാഅത്ത് | ജ: മുഹമ്മദ് സഫ്‌വാൻ | 9446179462 |
| 6. | നാസിം മാൽ | ജ: സിയാദ് റഹ്മാൻ | 9947472443 |
| 7. | നാസിം തർബിയത്ത് | ജ: അർഷാദ് | 9846120021 |
| 8. | നാസിം തബ്‌ലീഗ് | ജ: എ.എസ്. നൗഷാദ് | 9349297767 |
| 9. | നാസിം തഅ്‌ലിം | ജ: തയ്യിബ് ഖാൻ | 9349298036 |
| 10. | നാസിം ഖിദ്മതെ–ഖൽഖ് | ജ: അക്ബർ | 9349251994 |
| 11. | നാസിം അത്ഫാൽ | ജ: ഷഹീദ് | 9447559913 |
| 12. | നാസിം ഉമൂമി | ജ: ഹുസൈൻ | 9447559913 |
| 13. | നാസിം തഹ്‌രീക്കെ–ജദീദ് | ജ:. വലീഖ് അഹ്മദ് | |
| 14. | നാസിം വഖാറെ അമൽ | ജ: നൂറുദ്ദീൻ | |
| 15. | നാസിം സൻഅതൊ തിജാറത്ത് | ജ: മുഹമ്മദ് | |
| 16. | നാസിം സിഹ്ത്തെ ജിസ്മാനി | ജ: വസീം അഹ്മദ് | 9847025267 |
| 17. | മുഹാസിബ് | ജ: നജീബ്. ബി.എ | |
| 18. | നാസിം തർബിയത്ത് നൗ മുബായീൻ | ജ: ഇംതിയാസ് | |
| 19. | നാസിം ഉമൂറെ ത്വലാബാഹ് | ജ: മുഹമ്മദ്. എം.ഡി.എഫ് | 9349471602 |



ന്യൂസിലാൻഡ് പര്യടനത്തിനിടയിൽ ഏതാനും വിശിഷ്ടവ്യക്തികളോടൊത്ത് ഹുസൂർ

## ന്യൂസിലാൻഡ് വാർഷിക ജൽസ

ഓക്‌ലാൻഡ് (ന്യൂസിലാൻഡ്) : മെയ് 5,6 തിയ്യതികളിലായി ന്യൂസിലാൻഡ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പതിനേഴാമത് വാർഷിക സമ്മേളനം നടന്നു. ഓക്‌ലാൻഡിലെ പ്രകൃതി രമണീയമായ മാക്യുനിയിലാണ് ജൽസ സംഘടിപ്പിക്കപ്പെട്ടത്. ഖലീഫത്തുൽ മസീഹ് ഖാമിസ് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു..) പങ്കെടുത്ത ഈ ജൽസ പല കാരണങ്ങളാലും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. ഇത്തവണത്തെ ജൽസയുടെ വിഷയം 'ലോകസമാധാനം' എന്നതായിരുന്നു. ഇസ്‌ലാമെന്നത് സമാധാനത്തിന്റെ മറ്റൊരു പേരാണെന്ന് നബിതിരുമേനിയെ ഉദ്ധരിച്ചുകൊണ്ട് ഹുസൂർ (അയ്യദഹു..) സമ്മേളനത്തിൽ പറഞ്ഞു. ഭീകരവാദം എന്നത് ഇസ്‌ലാമിന്റെ സത്തയിൽ ഒരിക്കലും ചേരാത്ത ഒന്നാണെന്നും ഇന്നത്തെ ഇസ്‌ലാം സമാധാന വിരുദ്ധമായി ചിത്രീകരിക്കപ്പെടാൻ ഇസ്‌ലാമിനെ സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന മുല്ലമാർ കാരണമായിട്ടുണ്ടെന്നും ഹുസൂർ തുടർന്നു പറഞ്ഞു.

Published by Dr. Salahudheen, North Illaqa Quaid for Majlis Khuddamul Ahmadiya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.